Gowdalbhog, a rice variety from Orissa, Njavara, a red rice with GI tag from Kerala, Karuva Kalanji from Tamil Nadu and Burma black were among the breeds displayed at the exhibition.

Sale of different varieties of rice, a few with medicinal values, are also underway.

The exhibition cum sale is open from 10 am to 8 pm daily till the closure.

DH News Service

FEEL IT People throng a stall displaying varieties of red rice at Nanjaraj Bahadur Choultry in Mysore on Saturday. DH PHOTO



# ಪಡಿತರ ವ್ಯವಸ್ಥೆಯಲ್ಲೂ ಕೆಂಪಕ್ಕಿ ನೀಡಿ



ಕನ್ನಡಿಗರ ಪ್ರಜಾನುಡಿ ದಿನಪತ್ರಿಕೆ

# ಇಲ್ಲಿ ಕೆಂಪಕ್ಕಿ ಸಂತೆ, ಅಲ್ಲಿ ಅನ್ನದಾತನಿಗೆ ಗೌ...



# ಕೆಂಪಾದವೊ ಎಲ್ಲ ಕೆಂಪಾದವೋ..

ನಗರದಲ್ಲಿ ಗಮನ ಸೆಳೆದ ಕೆಂಪಕ್ಕಿ ಮೇಳ

ಕೆಂಪಕ್ಕಿ ವಿಶೇಷ



ನಮ್ಮ ಊರು ನಮ್ಮ ಜಿಲ್ಲೆ

# "ಪಡಿತರ ವ್ಯವಸ್ಥೆಯಲ್ಲಿ ಕೆಂಪಕ್ಕಿ ವಿತರಣೆಗೆ ಕ್ರಮ ಕೈಗೊಳ್ಳಿ"



# ಪಡಿತರ ವ್ಯವಸ್ಥೆಯಲ್ಲಿ ಕೆಂಪಕ್ಕಿ ವಿತರಣೆ ಮಾಡಿ

# ഗ്രീൻ ഹൗസ് കൃഷി ഉയർത്തുന്ന പ്രശ്നങ്ങൾ

കെ. പി. ഇല്യാസ്, 9496149173

ഉഷ്ണമേഖലയിൽ മാത്രം കാണപ്പെടുന്ന സസ്യങ്ങളെ തണുപ്പു രാജ്യങ്ങളിൽ വളർത്തുന്നതിനായി രൂപപ്പെടുത്തിയ കൃഷി രീതിയാണ് ഗ്രീൻ ഹൗസ് കൃഷി. പ്ലാസ്റ്റിക് അല്ലെങ്കിൽ ഫൈബർ ഗ്ലാസുകൊണ്ട് നിർമ്മിച്ചിരിക്കുന്ന പ്രത്യേക കൂടാരങ്ങളിൽ പ്രത്യേകമായൊരുക്കിയ കാലാവസ്ഥയിൽ ചെടികൾക്ക് വളരുവാനും വിളവ് തരുവാനുമായി മാത്രം ഉദ്ദേശിച്ചിട്ടുള്ള കൃഷി സമ്പ്രദായമാണിത്.

പ്ലാസ്റ്റിക് ഷീറ്റിലൂടെയോ ഫൈബർ ഗ്ലാസിലൂടെയോ സൂര്യപ്രകാശം അകത്തു കടക്കുമ്പോൾ സൂര്യകിരണങ്ങളേറ്റ് അകം മുഴുവൻ ചൂടാകുന്നു. ചൂടുള്ള വസ്തുക്കളിൽ നിന്ന് താപരശ്മികൾ പ്രസരിക്കുമെന്ന് അറിയാമല്ലോ! താപരശ്മികൾക്ക് ചില്ലിലൂടെ പുറത്ത് കടക്കാനാവില്ല. അങ്ങനെ സൂര്യകിരണങ്ങളിലെ ഊർജ്ജം അകത്തു കുടുങ്ങും. ക്രമേണ അകത്ത് ചൂടുവർദ്ധിക്കുകയും ഉഷ്ണ മേഖലയിലുള്ളതുപോലുള്ള അന്തരീക്ഷം ചെടികൾക്ക് കിട്ടുകയും ചെയ്യുന്നു.

ശീതരാജ്യങ്ങളിലും ഇന്ത്യയിലെ ഹൊസൂർ, പൂനെ, ഊട്ടി എന്നിവിടങ്ങളിലും താൽക്കാലികമായി വിജയം കണ്ടു കൊണ്ടിരിക്കുന്ന ഈ കൃഷി

..........................................................................................

ന്നും താഴെ വീഴുന്ന തേങ്ങയെടുത്തുപയോഗിക്കാറേയുള്ളൂന്നും ഒരു സുഹൃത്ത് കുറെ വർഷങ്ങൾക്കുമുമ്പ് പറഞ്ഞത് ഓർമ്മ വരുന്നു. അടുത്തകാലം വരെ ജാതിവ്യവസ്ഥയുടെ ക്രൂരമായ ചട്ടക്കൂടിൽ നടത്തിയിരുന്ന ഒരു തൊഴിൽ ആധുനിക സമൂഹവ്യവസ്ഥിതിയിൽ നടപ്പാക്കാൻ സാധ്യമല്ല. സ്ത്രീകൾക്കുപോലും നിഷ്പ്രയാസം തെങ്ങിൽ കയറ്റം സുസാധ്യമാക്കുന്ന ചില യന്ത്രസാമഗ്രികൾ ഇപ്പോൾ ലഭ്യമാണ്. അതിന്റെ ഉപയോഗരീതി പഠിപ്പിക്കാനായി ചില പരിശീലനകോഴ്സുകൾ നടന്നതായിട്ടും പത്രത്തിൽ വായിച്ചിരുന്നു. ഓരോ പഞ്ചായത്തിലും ഒരു സംഘം തൊഴിലാളികളെ ഇങ്ങനെ പരിശീലിപ്പിക്കുകയും തെങ്ങുകർഷക സഹകരണസംഘങ്ങളുടെ ജോലിക്കായി നിശ്ചിത കൂലിനിരക്കിൽ അവരെ ലഭ്യരാക്കുകയും ചെയ്യാവുന്നതേയുള്ളൂ.

ഞാൻ മുൻപു പല ലേഖനങ്ങളിലും ചെയ്തിട്ടുള്ളതുപോലെ വീണ്ടും പറയട്ടെ. ഇതിനൊക്കെ പ്രബുദ്ധതയും ദിശാബോധവുമുള്ള നേതൃത്വമാണ് ആവശ്യം ■

രീതി ഇന്ന് കേരളത്തിലും പ്രചരിച്ചു കൊണ്ടിരിക്കുന്നു. നമ്മുടെ സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ 1000 പഞ്ചായത്തുകളിലേക്കായി 3 ഗ്രീൻ ഹൗസുകൾ വീതം അതായത് 3000 ഗ്രീൻ ഹൗസുകൾ കൊണ്ടുവരാൻ പോകുന്നു.

കേരളം പോലുള്ള ചൂടുകൂടിയ സംസ്ഥാനത്ത് ഗ്രീൻ ഹൗസ് പോലെയുള്ള കൃഷിരീതിയുടെ യാതൊരു ആവശ്യവുമില്ല. മാത്രമല്ല ഗ്രീൻ ഹൗസുകൾ ഉയർത്തുന്ന സാമ്പത്തികവും പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ അനവധിയുമാണ്. കർഷകർ ഈ കൃഷി രീതി ആരംഭിച്ചാൽ തന്നെ വിജയിക്കണമെങ്കിൽ വളരെയധികം കാര്യങ്ങൾ ശ്രദ്ധിക്കുകയും വേണം.

ഏറ്റവും കുറച്ച് മനുഷ്യാധ്വാനം മതിയെന്നും അതുവഴി കൃഷിചെലവ് കുറക്കാമെന്നും ഇതിന്റെ പ്രചാരകർ അവകാശപ്പെടുന്നുണ്ട്. എന്നാൽ 1 സ്ക്വയർ മീറ്റർ ഗ്രീൻ ഹൗസ് നിർമ്മിക്കണമെങ്കിൽ 1000 രൂപയാണ് മിനിമം ചെലവ്. അതായത് 25 സെന്റ് സ്ഥലത്തേയ്ക്കുള്ള ഗ്രീൻ ഹൗസ് നിർമ്മിക്കണമെങ്കിൽ പത്ത് ലക്ഷം രൂപ വേണം.

ഗ്രീൻ ഹൗസ് നിർമ്മിക്കുകയാണെങ്കിൽ തന്നെ അടിസ്ഥാനപരമായി മനസ്സിൽ സൂക്ഷിക്കേണ്ടൊരു കാര്യമുണ്ട്. പ്രകൃതിയുടെ സ്വാഭാവിക ക്രമങ്ങൾക്ക് മുഴുവൻ എതിരുനിന്നുകൊണ്ട് ചെടികൾക്ക് വളരാനും വിളവ് തരാനും മാത്രമായുള്ള സാഹചര്യമാണ് ഇതിലൂടെ ഒരുക്കുന്നത്.കൃഷി തന്നെ പ്രകൃതിയിൽ മനുഷ്യന്റെ ചെറിയൊരു ഇടപെടലാകുമ്പോൾ ഇത്തരം കൃഷിരീതികൾ എന്തുമാത്രം പാരിസ്ഥിതിക നാശമുണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഗ്രീൻ ഹൗസുകൾക്ക് പ്രധാനമായും വേണ്ടത് ജി ഐ പൈപ്പുകൾ, പോളി എത്തിലീൻ ഷീറ്റ്, ഇവ ഉറപ്പിക്കാൻ വേണ്ട ചാനലുകൾ, പ്രത്യേകയിനം സ്പ്രിംഗുകൾ, പ്രാണികൾ ഉള്ളിലേക്ക് പ്രവേശിക്കുന്നത് തടയുകയും പുറത്തെവായു ഉള്ളിലേക്ക് പ്രവേശിക്കാൻ അനുവദിക്കുകയും ചെയ്യുന്ന 50 ശതമാനം സൂക്ഷ്മ സുഷിരങ്ങളുള്ള വലകൾ ഇവയൊക്കെയാണ്. ഇതിനെല്ലാം വേണ്ട അസംസ്കൃതവസ്തുക്കൾ പ്രകൃതിയിൽ നിന്നു തന്നെ കണ്ടെത്തണം. ഇതുവഴി നല്ലൊരു ശതമാനം പ്രകൃതി വിഭവങ്ങളുടെ ശോഷണം സംഭവിക്കുന്നു.

കരാർ അടിസ്ഥാനത്തിൽ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന നിർമ്മാണക്കമ്പനികളുമായി ബന്ധപ്പെട്ടപ്പോൾ അറിയാൻ സാധിച്ചത് 10 വർഷമാണത്രേ ഒരു ഗ്രീൻ ഹൗസിന്റെ ഗ്യാരണ്ടി. 5 വർഷം കൂടുമ്പോൾ മേൽക്കൂരയിലെ ഷീറ്റ് മാറ്റേണ്ടിയും വരും. ഫൈബറും പ്ലാസ്റ്റികുമൊന്നും മണ്ണിൽ

ദ്രവിക്കില്ലന്നോർക്കണം. ഇത് മാലിന്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പ്ലംബിംഗ് ഉൾപ്പടെ 25 സെന്റ് സ്ഥലത്തേയ്ക്ക് മൊത്തം 12 ലക്ഷം രൂപ ചെലവ് വരും. ഗവൺമെന്റ് ഇതിന് 50 ശതമാനം സബ്സിഡി നൽകാൻ തയ്യാറാണ്. ഇത്രയും കാശുണ്ടെങ്കിൽ 25 ഏക്കർ സ്ഥലത്ത് സുഖമായി സുസ്ഥിരമായി ജൈവകൃഷി നടത്താവുന്നതാണ്.

മറ്റൊരു പ്രശ്നം 6 ലക്ഷം രൂപയെങ്കിലും മുതൽ മുടക്കാൻ കഴിയുന്നവനുമാത്രമേ ഇത് ആരംഭിക്കാൻ കഴിയൂ. അന്നന്നത്തെ ഉപജീവനത്തിന് വഴി കണ്ടെത്തുന്ന സാധാരണകർഷകർക്ക് ഇതൊരിക്കലും സാധിക്കില്ല. 3000 ഗ്രീൻ ഹൗസിന് 50 ശതമാനം സബ്സിഡി കൊടുക്കുന്ന വകയിൽ പൊതു ഖജനാവിൽ നിന്നും ചെലവാകുന്ന പണമാകട്ടെ 180 കോടി രൂപയാണ്. പാലക്കാട്ടെയും മറ്റും പാവപ്പെട്ട നെൽകർഷകർക്ക് കൃത്യമായി നെല്ലിന്റെ സംഭരണവില കൊടുക്കാത്ത സർക്കാരാണ് ഗ്രീൻഹൗസ് നിർമ്മാണക്കമ്പനികളെ സഹായിക്കാൻ ഇത്രയും കാശ് മുടക്കുന്നത്.

ഗ്രീൻ ഹൗസ് കൃഷിയിൽ ജൈവകൃഷി നടക്കില്ല. (വേണമെങ്കിൽ 50% വരെ ജൈവ കൃഷി നടത്താം എന്നു പറയുന്നുണ്ട്). ജൈവകൃഷിയെ സംബന്ധിച്ചിടത്തോളം പകുതി ജൈവം പകുതി രാസം എന്നൊന്നില്ല. ഒന്നുകിൽ പൂർണ്ണ ജൈവകൃഷി, അല്ലെങ്കിൽ രാസകൃഷി. മണ്ണൊരുക്കം മുതൽ വിളവെടുക്കുന്നതുവരെ പലതരം രാസപദാർത്ഥങ്ങൾ ഉപയോഗിക്കേണ്ടതായി വരും. വെള്ളത്തിൽ ലയിപ്പിച്ച് തളിക്കാവുന്ന രീതിയിലുള്ള പ്രത്യേകം രാസവളങ്ങളാണ് ഇതിൽ പ്രയോഗിക്കുന്നത്. കീടങ്ങൾ ഇല്ലാത്തതിനാൽ ഇൻസെക്റ്റിസൈഡ്സ് ഉപയോഗിക്കേണ്ടി വരില്ലെങ്കിലും പലതരം അണു/കുമിൾനാശിനികളും മറ്റും പ്രയോഗിക്കേണ്ടി വരും. ഇത് മണ്ണ് നശീകരണത്തിനും, പരിസ്ഥിതി മലിനീകരണത്തിനും ഇടയാക്കുന്നു.

അണുനാശിനി കലർത്തിയ വെള്ളത്തിൽ പാദം മുക്കി അണു നശീകരണം നടത്തിയിട്ടു വേണം ഗ്രീൻ ഹൗസിനുള്ളിൽ പ്രവേശിക്കാൻ (എത്രകാലം ഇങ്ങനെ മുക്കാൻ കാലുണ്ടാകുമെന്ന് കണ്ടറിയേണ്ടതു തന്നെ!) അണുമുക്തമാക്കാൻ വേണ്ടി മണ്ണിൽ ഫോർമൽ ഡിഹൈഡ് ലായനിയും ചേർക്കുന്നു. ഇത് വിഷമാണ്. പുറമെ നിന്നുള്ള കാലാവസ്ഥയിൽ നിന്നും വ്യത്യസ്തമായ കാലാവസ്ഥയായിരിക്കും അകത്തുണ്ടാവുക. വായു സഞ്ചാരം കുറവായിരിക്കും. മേൽഭാഗത്തെ ഷീറ്റിനകത്തു കൂടി വരുന്ന സൂര്യകിരണങ്ങളും ആരോഗ്യത്തിനു ദോഷം ചെയ്യും. അതായത് ഇതിനകത്ത് സ്ഥിരമായി ജോലി ചെയ്യുന്നവന്റെ ആരോഗ്യസ്ഥിതി മോശമാ

കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രാസവിഷങ്ങൾ അടങ്ങിയ പച്ചക്കറികളായിരിക്കും ഈ കൃഷിയിൽ നിന്നും ലഭിക്കുക. ഇത് സമൂഹത്തെ തന്നെ നിത്യരോഗികളാക്കുന്നു.

മറ്റൊരു പ്രധാനപ്പെട്ട കാര്യം സ്വയം പരാഗണം നടക്കുന്ന ഹൈബ്രിഡ് ഇനങ്ങളായ കാപ്സിക്കം, തക്കാളി, സലാഡ്, കുക്കുംബർ, നീളൻ പയർ, വായു വഴി പരാഗണം നടക്കുന്ന വെണ്ട, മുളക് തുടങ്ങിയ ഇനങ്ങൾ മാത്രമേ ഇതിൽ കൃഷി ചെയ്യാൻ പറ്റൂ. പരപരാഗണം നടക്കുന്ന ഇനങ്ങളാണെങ്കിൽ കൃത്രിമ പരാഗണം നടത്തേണ്ടതായിട്ടു വരും! ഇരട്ടി വിളവ് ലഭിക്കുമെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഒരേ ഇനം വിളകൾ ഒരേ മണ്ണിൽ കുറെക്കാലം കൃഷി ചെയ്താൽ നിശ്ചിത വിളവ് ലഭിക്കില്ലെന്ന് സുനിശ്ചിതമാണ്.

മറ്റൊരു പ്രശ്നം നാടൻ വിത്തുകൾ ഗ്രീൻ ഹൗസ് കൃഷിക്ക് യോജിക്കില്ല എന്നതാണ്. നാടൻ വിത്തുകൾ മുളയ്ക്കണമെങ്കിലും വിളയണമെങ്കിലുമൊക്കെ പ്രത്യേക സമയമുണ്ട്. കാലാവസ്ഥയും പ്രദേശവും ബന്ധപ്പെട്ടാണ് ഈ വിത്തുകളുടെ വളർച്ചയും ആരോഗ്യവും നിലനിൽക്കുന്നത്. അതിനാൽ കൃത്രിമ കാലാവസ്ഥയിൽ നാടൻ ഇനങ്ങൾ അതിജീവിക്കില്ല. ഗ്രീൻ ഹൗസ് പ്രചരിപ്പിക്കപ്പെടുകയാണെങ്കിൽ അന്യം നിന്നു കൊണ്ടിരിക്കുന്ന നമ്മുടെ നാടൻ വിത്തുകളിൽ പലതും എന്നേന്നേയ്ക്കുമായി നഷ്ടപ്പെടും. മാത്രമല്ല ഗ്രീൻ ഹൗസ് കൃഷി പ്രചാരകർ മറ്റു പച്ചക്കറിയിനങ്ങളിലും സ്വമേധയാ പരാഗണം നടത്തുന്ന ഇനങ്ങൾ ജനിതക ഗവേഷണത്തിലൂടെ കണ്ടെത്തണമെന്നാണ് ആവശ്യപ്പെടുന്നത്. മൊൺസാന്റോ പോലെയുള്ള വിത്തുകുത്തകക്കമ്പനികളെ പ്രോൽസാഹിപ്പിക്കുകയാണ് ഇവർ ഇതുവഴി ചെയ്യുന്നത്. ഇത് വിത്തിന്റെ അവകാശം കർഷകന് നഷ്ടമാക്കി ഓരോ തവണ വിത്തിന് കമ്പനികളെ കർഷകർ ആശ്രയിക്കേണ്ടതായി വരും.

ഹരിത വിപ്ലവത്തിന്റെ ഭാഗമായി വന്ന ഹൈബ്രിഡ് വിത്തുകളുടെയും രാസവളകീടനാശിനികളുടെയും കെടുതികൾ ഇന്ന് കർഷകർകും, ഉപഭോക്താക്കളും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നടപ്പാക്കണമെങ്കിൽ ഒരു പ്രത്യേക മിഷൻ രൂപീകരിക്കണം. അത് ഈ ഗവൺമെന്റിന്റെ കാലത്ത് ഇതുവരെ നടപ്പാക്കിയിട്ടില്ല. ജൈവകൃഷി മിഷൻ രൂപീകരിച്ചു പ്രകൃതിക്കു ദോഷകരമല്ലാത്തതും സുസ്ഥിരവുമായ ജൈവകൃഷി ഉടൻ തന്നെ നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിക്കണം ■



Article in One Earth One life about
Green house Krishi by Illias K P

THE HINDU

**Today's Paper » NATIONAL » KERALA**

## Seed banks for organic rice

Kaavya Pradeep Kumar



Different varieties of rice on display at an Organic Rice Mela that concluded in the city on Saturday.— Photo: C. Ratheesh Kumar

Environmental research organisation, Thanal, has been striving to bring back the glory of traditional varieties of rice grain, whose position has been usurped by white rice that has infiltrated Kerala's market. This unfortunate trend needs to reverted and a tie-up with Kudumbasree is being envisaged to create seed banks in every district and to facilitate a support system that would look into value addition of rice and focus on opening up the markets, said Director of Thanal S. Usha to *The Hindu* during an Organic Rice Mela at the YMCA Hall in Thiruvananthapuram on Friday.

This is the second such exhibition and sale organised by Thanal in the city, as part of the 'Save our Rice' campaign. The first was held in July last year, when over two tonnes was sold. While this exhibition is of a smaller scale, more varieties are on display – including 14 varieties of rice grain and over 150 paddy seeds, brought from Tamil Nadu, Karnataka and West Bengal. The success of the first Mela was apparent soon after, for several customers continued to visit Thanal's office at Jawahar Nagar to purchase organic grains.

**Sustaining environment**

Executive director of Kudumbasree K.B. Valsalakumari inaugurated the Mela on Friday morning. Ms. Usha said Ms. Valasalakumari had expressed her interest in coordinating with Thanal in the creation of a framework that promises to be an excellent model for the State. "Rather than labelling them as 'Kudumbasree workers' groups', their role could be updated to that sustaining the environment. They have such an extensive system throughout the State and they hold the potential of reaching the markets and this need not be public markets, but at least schools and hospitals. Moreover, this is a means of improving their livelihood," said Ms. Usha.

This year, owing to the more severe drought situation in States such as Tamil Nadu, the demand for such grains had risen in Kerala. Thanal has conducted field research in other States where the evidence is clear that traditional varieties thrive even in drought affected regions. A type of red rice called, Kaatuyanam, which is being cultivated in Thanjavur, is deemed as flood and drought resistant, and could be introduced in Kerala as well, said Ms. Usha.

What is lacking in Kerala is a traditional seed growers' society.

While the government offers impetus mostly for the production of vegetables and spices, such food grains are not given the required attention, said C. Jayakumar of Thanal.

"Moreover, farmers here have to cultivate in much smaller tracts of land and there are plenty of cases where development projects have got in the way of farming," he added.

Ms. Usha suggests that the government needs to help highlight the significance of traditional seeds and this in turn, must be recognised by consumers.

1318113 NIE

# Organic Rice Mela in City

**Express News Service**

**T'Puram:** The aroma of 'gandhakasala' rice wafting through the air can make anyone hungry. Not just Gamdhakasala, but the flowery white 'mullankazhama', 'jeerakachamba', 'thondi' and many other traditional varieties can all have a similar triggering effect on our appetite.

Many of these rare and traditional varieties are grown by the tribal and indigenous farmers of Wayanad, Thanjavur and Mysore. Not only do they smell good, but are also extremely light on your stomach.

Many of them like the 'njavara' are used medicinally too. Unfortunately, over the past few decades, people in the state have been eating food that is mostly laced with pesticides and other chemicals that are used for processing. This has made diabetes, kidney stones, heart diseases, cancer and so many other diseases common among the population.

Thanal and Save Our Rice Campaign are bringing to the city an opportunity to access safe food at the Organic Rice Mela to be held on February 15 and 16 at the YMCA Hall. On sale would be rice such as 'thavalakannan', 'thondi', 'mullankazhama', 'gandhakasala', 'jeerakachamba', 'kattuyanam', 'Burma black', 'njavara' and so on. The timing of the Rice Mela will be from 10 am to 7.30 pm.

For more details, contact Babychan T J at Thanal over 9447343520.

16/2/13 TH

# Grain of goodness

**EVENT** *Exhibition-cum-sale of diverse organic rice varieties in the city*



GO GREEN Different varieties of rice on display at Organic Rice Mela

Rajamudi rice, a favourite of the royal family of Mysore, Sungangudu from Karnataka, a rice variety which is usually given to a child for the first time, Burma Black, grown in Wayanad and Mysore, a variety that is excellent when used in payasam, Thondi variety [illegible] again from Wayanad, with medicinal properties... Organic Rice Mela at YMCA Hall, Statue, is the place to be to learn as much as you can about traditional rice varieties from various parts of the country.

The event organised by Thanal and Save Our Rice campaign, features exhibition and sale of rice varieties and organic products including vegetables. Among the exhibits are 69 varieties of rice from Kerala, over 30 from Tamil Nadu, and 30 from West Bengal.

"There is a rich treasure of traditional rice varieties out there which are not only safe to eat, but are also nutritious and healthy," says C. Jayakumar, director of Thanal.

An example is the [illegible] rice which is indigenous to Wayanad. "It grows well in the hilly terrain. What sets it apart from other rice varieties is its aroma. It is easy to digest. We recently learnt that many IT professionals prefer this variety of rice as it is known to prevent piles," he says. But since it can be produced only in small quantities, it is expensive (Rs.120 per kg at the mela).

A special variety is the anti-diabetic rice, which has come from Nagercoil.

"Gowtham, a farmer from the area, has processed it in his mill. The problem is that it is not a firm rice. It breaks when it is cooked," says [illegible] T.J., programme co-ordinator of Thanal. It costs Rs. 60 per kilo. Gowtham also has organic raw brown sugar (Rs. 75 for half kilo), under the brand name 'First', for sale.

Besides organic wheat flour and rice flour, the mela has products of EcoFarms from Vidarbha such as soya flour, bajra and jowar, ragi atta, hibiscus syrup (Rs. 345), mango chutney and gooseberry jam among others.

Organic vegetables, honey, grocery items and soaps too are available at the mela which ends today. Time: 10 a.m. to 7.30 p.m. Contact: [illegible]

ATHIRA M.

**THERE IS A RICH TREASURE OF TRADITIONAL RICE VARIETIES OUT THERE WHICH ARE NOT ONLY SAFE TO EAT, BUT ARE ALSO NUTRITIOUS AND HEALTHY**

16/2/13 കൗമുദി

# പ്രകൃതിയുടെ രുചിയറിയാൻ ഓർഗാനിക് റൈസ് മേള



തിരുവനന്തപുരം: അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിഷലിപ്തമായ അരിയും പച്ചക്കറിയും കഴിച്ചു ശീലിച്ച മലയാളിക്ക് പ്രകൃതിയുടെ രുചിയറിയാൻ അവസരം അതായിരുന്നു, 'തണൽ' എന്ന സന്നദ്ധ സംഘടനയുടെ കീഴിലുള്ള ഓർഗാനിക് ബസാറിന്റെ ആഭിമുഖ്യത്തിൽ വൈ.എം.സി.എ ഹാളിൽ സംഘടിപ്പിച്ച ഓർഗാനിക് റൈസ് മേള.

നമുക്ക് അറിയാവുന്നത് രണ്ടുതരം അരികളായിരുന്നു, പച്ചരിയും പുഴുങ്ങലരിയും. എന്നാൽ തവളക്കണ്ണൻ, കുട്ടുസൻ, മുള്ളൻകഴമ, മാപ്പിളചെമ്പ തുടങ്ങി [illegible] ആയിരത്തിലധികം വിത്തിനങ്ങൾ കേരളത്തിലുണ്ടായിരുന്നു. ഇവയിൽ പത്തിലൊന്നുപോലും ഇന്ന് ഇല്ല. കേരളത്തിലെയും അന്യസംസ്ഥാനങ്ങളിലെയും കർഷകരിൽ നിന്നും 'തണൽ' ശേഖരിച്ച് സംരക്ഷിക്കുന്ന 140-ലധികം പ്രാചീന വിത്തിനങ്ങൾ മേളയിൽ പ്രദർശനത്തിനുണ്ട്.

കേരളത്തിൽ നിന്നുള്ള 69 എണ്ണം കൂടാതെ തമിഴ്നാട്ടിൽ നിന്നും പശ്ചിമബംഗാളിൽ നിന്നുമായി 76 ഓളം അപൂർവ അരി വിത്തുകളും പ്രദർശനത്തിനുണ്ട്. ഇവയിൽ 14 ഇനങ്ങളുടെ അരി വിൽപനക്ക് വച്ചിട്ടുണ്ട്. തവളക്കണ്ണൻ (കിലോ-52), തൊണ്ടിഅരി (60), ജവാര (110), സങ്കരയിനമായ ഉമ (48) തുടങ്ങി [illegible] അരി മേളയിൽ നിന്ന് വാങ്ങാവുന്നതാണ്. അരിവർഗങ്ങളെ കൂടാതെ ജൈവവളങ്ങളുപയോഗിച്ച് നിർമിച്ച പച്ചക്കറി, മുന്തിരി (900 ഗ്രാം-99 രൂപ), ചെറുതേൻ (കിലോ 225), [illegible] പഞ്ചസാര (500 ഗ്രാം-75), നറുനീണ്ടി സിറപ്പ് (120), ആയുർവേദ സോപ്പുകൾ തുടങ്ങി പ്രകൃതിജീവിതം നയിക്കുന്ന ഒരാൾക്ക് ആവശ്യമായതെല്ലാം പ്രദർശനത്തിനുണ്ട്.

ഇന്നും മേള തുടരും. ബോർഡ് ഡയറക്ടർ ഉഷ, [illegible] ബോർഡ് മെമ്പർ ജയകുമാർ, [illegible] മേളയുടെ സംഘാടകരാണ്. സിനിമാതാരങ്ങൾ, രാഷ്ട്രീയക്കാർ, ഉദ്യോഗസ്ഥർ തുടങ്ങിയ ധാരാളം പേർ 'തണലിന്റെ' കവടിയാർ ജവഹർ നഗറിലെ സ്ഥിരം ഉപഭോക്താക്കളാണ്. സാധനങ്ങൾക്ക് മറ്റ് മാർക്കറ്റുകളിലെക്കാൾ വില അല്പം കൂടുതലാണ്.

എന്നാൽ [illegible] ചിലവാക്കുന്ന പണത്തിൽ നിന്ന് ഈ പണം ലഭിക്കാമെന്ന് ജയകുമാർ പറഞ്ഞു. മേള ഇന്നും തുടരും.

News in Mathrubhoomi - Organic Rice Mela.



# അരിപ്പെരുമയുമായി കുട്ടൂസനും തവളക്കണ്ണനും

# Seed banks for organic rice

Kaavya Pradeep Kumar

**THIRUVANANTHAPURAM:** Environmental research organisation, Thanal, has been striving to bring back the glory of traditional varieties of rice grain, whose position has been usurped by white rice that has infiltrated Kerala's market. This unfortunate trend needs to reverted and a tie-up with Kudumbasree is being envisaged to create seed banks in every district and to facilitate a support system that would look into value addition of rice and focus on opening up the markets, said Director of Thanal S. Usha to *The Hindu* during an Organic Rice Mela at the YMCA Hall in Thiruvananthapuram on Friday.



*Different varieties of rice on display at an Organic Rice Mela that concluded in the city on Saturday.* - PHOTO: C. RATHEESH KUMAR

This is the second such exhibition and sale organised by Thanal in the city, as part of the 'Save our Rice' campaign. The first was held in July last year, when over two tonnes was sold. While this exhibition is of a smaller scale, more varieties are on display – including 14 varieties of rice grain and over 150 paddy seeds, brought from Tamil Nadu, Karnataka and West Bengal. The success of the first Mela was apparent soon after, for several customers continued to visit Thanal's office at Jawahar Nagar to purchase organic grains.

## Sustaining environment

Executive director of Kudumbasree K.B. Valsalakumari inaugurated the Mela on Friday morning. Ms. Usha said Ms. Valasalakumari had expressed her interest in co-ordinating with Thanal in the creation of a framework that promises to be an excellent model for the State. "Rather than labelling them as 'Kudumbasree workers' groups', their role could be updated to that sustaining the environment. They have such an extensive system throughout the State and they hold the potential of reaching the markets and this need not be public markets, but at least schools and hospitals. Moreover, this is a means of improving their livelihood," said Ms. Usha.

This year, owing to the more severe drought situation in States such as Tamil Nadu, the demand for such grains had risen in Kerala. Thanal has conducted field research in other States where the evidence is clear that traditional varieties thrive even in drought affected regions. A type of red rice called, Kaatuyanam, which is being cultivated in Thanjavur, is deemed as flood and drought resistant, and could be introduced in Kerala as well, said Ms. Usha.

What is lacking in Kerala is a traditional seed growers' society.

While the government offers impetus mostly for the production of vegetables and spices, such food grains are not given the required attention, said C. Jayakumar of Thanal.

"Moreover, farmers here have to cultivate in much smaller tracts of land and there are plenty of cases where development projects have got in the way of farming," he added.

Ms. Usha suggests that the government needs to help highlight the significance of traditional seeds and this in turn, must be recognised by consumers.

## The Rice is Right

**The Hindu 3 January 2013**

Traditional method of preserving Indigenous rice seeds by Tribesmen of Wayanad district - Kerala

The steps involved in the process of Moodakettal.






Raman of Cheruvayal in his paddy field







Winnowing and Drying the rice seed before Moodakettal









PROCESS OF MOODAKETTAL

91, 5. The seeds are threshed and winnowed.2. After moodakettal, the bundle of seeds is taken to a storage centre.3. The process of moodakettal begins.4, 9. It's inside a bundle made with a bamboo frame that the seeds are preserved.6. Drying the seeds in sunlight is another important step.7. Moodakettal is almost over.8. A farmer tends to his crops before the Moodakettal.

Tribesmen of the Wayanad district of Kerala have, for generations, practised a traditional method of preserving indigenous rice seeds, cultivated on fields free fromchemical fertilizer and harmful pesticides.or generations, the tribesmen of Wayanad district have employed a traditional method called "Moodakettal" to preserve 35 varieties of indigenous rice seeds. These include aromatic seeds such as Gandhakasala, Kayama and Jeerakasala; short-term rice varieties like Thonnuramthondy and Palthondy; medicinal varieties such as Navara and Chennellu; and drought-resistant varieties like Chenthadi and Chenthondi. This process goes on for two months. If the long-term seeds are destroyed by climatic vagaries, the short-term seed varieties are used to avoid famine.

The process of "Moodakettal" takes place seven to 15 days after harvest. For preparing each *mood* , different varieties of seeds are dried separately for about 15 days in an open space, day and night. Later, each species of rice seeds is wrapped in a layer of dry hay or plantain sheaths with bamboo plinths. Each *mooda* can hold 10 to 60 kg of rice seeds. The seeds preserved in a *mooda* can be conserved for a longer period without fear of pest attack or moisture loss. Besides preservation, the tribesmen (including Kurichya and Kuruma) have been disbursing the seeds to other farmers showing interest in cultivating rice.

To the tribesmen, every stage of paddy cultivation is a divine activity as well as a ritual. Cheruvayal tharavadu (homestead), near Kammana in Wayanad district, is a treasure-house of indigenous rice seeds and the members of the tribal homestead have preserved a rare collection of 29 varieties. "A few generations ago, our ancestors had cultivated more than 150 varieties of rice seeds, but most of them were lost over time," says Raman of Cheruvayal, who owns 2.5 hectares of land.

The Edathana Kurichiya tharavadu, at Edathana near Valad, also has a rare collection of germ plasm. Every year, the members of this homestead have been cultivating different varieties of seeds on 5.6 hectares of land owned by the joint family. "I fear that the traditional practice may vanish in the near future as the number of experts in 'Moodakettal' is very few now," says Achappan Vaidyar, 87, chieftain of the homestead and a traditional tribal healer. "All the work, from sowing to harvesting, is being done by my family and we have no practice of purchasing rice from shops," says Achappan Vaidyar. "Now, many farmers in the district are showing interest in traditional rice cultivation, thanks to the various afflictions suffered by the hybrid varieties recently. We are giving them seeds from our gene bank."

Instead of selling seeds for cash, they follow a type of barter system: for every *pothi* (approximately 60 litres) of rice seeds purchased, the buyer should return 70 litres of seeds after harvest. Achappan Peruvadi, a tribal chieftain near Vellamunda in Wayanad, says, "I plan to set up a gene bank of traditional rice seeds to preserve the remaining seeds for our future generation, though it is not a remunerative proposition."

മാതൃഭൂമി • 2013 ജനവരി 6 • ഞായറാഴ്ച
www.mathrubhumi.com/localnews

# പൈതൃക വിത്തുസംരക്ഷണത്തിന് ഗോത്രമാതൃകയുമായി ചെറുവയൽ രാമൻ

**കല്പറ്റ:** കാർഷികപ്പെരുമയുടെ ഓർമകൾ സൂക്ഷിക്കുന്നതുപോലെ പോയകാലത്തിന്റെ നെൽവിത്തുകളാണ് മാനന്തവാടിയിലെ ചെറുവയൽ രാമനെന്ന ആദിവാസികർഷകന്റെ സമ്പാദ്യം.

ചാണകംമെഴുകിയ തറയും പുല്ലുമേഞ്ഞ മേൽക്കൂരയുമുള്ള തന്റെ വീടിന്റെ വരാന്തയിൽ വയനാടിന്റെ കാർഷികപ്പെരുമയറിയാൻ എത്തുന്നവർക്കെല്ലാം തന്റെ കാർഷികജീവിതംകൊണ്ട് ഉത്തരം പറയാൻ രാമനുണ്ട്. തൊണ്ടിയും ചോവാലയും തുടങ്ങി വയനാട്ടിൽ അന്യമായ നൂറ്റമ്പതിൽപ്പരം നെൽവിത്തുകളിൽ ഇരുപത്തഞ്ചോളം ആറു പതിറ്റാണ്ടിലധികമായി ഈ കർഷകൻ നിധിപോലെ സൂക്ഷിക്കുന്നു. നാടിന്റെ നന്മയും നാട്ടുരുചിയുമുള്ള തനത് ഭക്ഷണരീതികളും പാരമ്പര്യ അറിവുകളുമെല്ലാം ചേർന്ന് ചെറുവയൽ കുറിച്യ തറവാട് വരച്ചിടുന്നത് പോയകാല വയൽനാടിന്റെ സമൃദ്ധിയാണ്.

നെൽകൃഷി നഷ്ടമാണ് എന്ന് ആവർത്തിക്കുന്നവർക്കിടയിൽ ലാഭനഷ്ടക്കണക്കുകളൊന്നുമില്ലാതെ നെൽകൃഷിയുടെ പെരുമമാത്രമാണ് ഈ മാതൃകാകർഷകന് പറയാനുള്ളത്. 'കൃഷി വ്യവസായമല്ല ജീവിതമാണ്' എന്നാണ് വരവുചെലവ് കണക്കുകളെക്കുറിച്ച് ചോദിച്ചാൽ രാമൻ ഉത്തരം പറയുക.

രാവിലെമുതൽ അന്തിയാവുന്നതുവരെ കുടുംബത്തോടൊപ്പം കൃഷിയിടത്തിൽ ചെലവിടുന്ന രാമന് കാലാവസ്ഥയെക്കുറിച്ചാണ് വേവലാതി. 'പണ്ടൊക്കെ മഴയ്ക്കു മഴ വെയിലിന് വെയിൽ എന്ന നിലയിൽ നിന്ന് വയനാടും മാറി.'

വിശാലമായ നെൽവയലുകളും തിമിർത്തുപെയ്യുന്ന മഴയും കൊടുംതണുപ്പും മഞ്ഞുമായിരുന്നു വയനാടിന്റെ ചിത്രം. കാർഷികജീവിതത്തിന്റെ ആരവങ്ങൾ നിലയ്ക്കാത്ത ഗ്രാമങ്ങൾ മുതിർന്നവരുടെ ഓർമകളിൽ ഇപ്പോഴുമുണ്ട്. വൃശ്ചികം കഴിയുന്നതിനുമുമ്പ് കർഷകത്തറവാട്ടിലെ ധാന്യപ്പുരകൾ സമൃദ്ധമാവും. പഞ്ചായത്തിലെ അറകളിൽ തൊണ്ടി, വെളിയൻ, ഗന്ധകശാല, ചോമാല തുടങ്ങി വേറെവേറെ നെല്ലുകൾ ഒരുവർഷത്തെ ആവശ്യത്തിനായി മുൻതലമുറ ശേഖരിച്ചുവെക്കും. ഭക്ഷ്യസ്വയംപര്യാപ്തതയുടെ ഈ സമ്പാദ്യമായിരുന്നു കർഷകരുടെയെല്ലാം ലക്ഷ്യം. കൃഷിനടത്താൻ പണിയാളും ധാരാളമുണ്ട്. കന്നുകാലികളും കർഷകഭവനങ്ങളിൽ യഥേഷ്ടമുണ്ട്. ജൈവരീതിയിലുള്ള കൃഷി നടത്താൻ ഇതൊക്കെ ധാരാളമായി.

കടംകൊടുത്തും തിരിച്ചുവാങ്ങിയും 'നെല്ല്' എന്ന സമ്പാദ്യത്തെ ജീവിതത്തിലേക്ക് കൂട്ടിയിണക്കിയായിരുന്നു. ഗ്രാമങ്ങൾതോറും ജന്മികൾ കടംകൊടുക്കാനും കൊടുത്തത് തിരികെ വാങ്ങിവെക്കാനും കൂറ്റൻ അറപ്പുരകൾ സ്ഥാപിച്ചിരുന്നു. വയലിന്റെ നടുക്ക് കന്നുകാലികളെ പരിപാലിക്കാനായി കൂറ്റൻ പിടാവുകൾ കാണാമായിരുന്നു. അൻപതും നൂറും കന്നുകാലികളെ ഒരു വേലിക്കെട്ടിനകത്ത് രാത്രികാലങ്ങളിൽ സൂക്ഷിക്കുന്ന സമ്പ്രദായമായിരുന്നു ഇത്. കുടുംബത്തിലെ അംഗങ്ങളെല്ലാം കൃഷി തൊഴിലാക്കിയവരാണ്. കൊയ്തൊഴിഞ്ഞ നെൽപ്പാടങ്ങളിൽ പച്ചക്കറിയും മുടങ്ങാതെ നടക്കുന്നു. നെൽക്കളങ്ങളും അഭിവൃദ്ധിയുടെ പെരുമയായി മാറി. ഇതൊക്കെയും എവിടെപ്പോയി. പുല്ലുമേഞ്ഞ പുരകൾവരെ ആഡംബരത്തിന്റെ ആധുനികത തേടി വഴിമാറി. ഇതിനെല്ലാം ഒരു തിരുത്തായി ചെറുവയൽ രാമന്റെ വീടിനെ ചൂണ്ടിക്കാണിക്കാം. ലളിതജീവിതപാഠങ്ങളുമായി പോയകാലത്തിന്റെ കാർഷികചരിത്രമൊക്കെ രാമൻ വിശദീകരിക്കുമ്പോൾ പുതിയ തലമുറകൾ അമ്പരപ്പോടെ നിൽക്കും.



ചെറുവയൽ രാമൻ

വയനാട്ടിലെ കുറിച്യകുടുംബങ്ങളിലെല്ലാം കൃഷിയിടങ്ങൾ ഏക്കർകണക്കിനുണ്ട്. സ്വത്ത് ഭാഗംവെക്കാതെ കൂട്ടുകുടുംബത്തിന്റെ ആകെ സ്വത്തായി ഇന്നും ഇവ പരിഗണിക്കപ്പെടുന്നു. ചെറുവയൽ തറവാടിനും 22 ഏക്കർ വയലും 18 ഏക്കറോളം കരയുമുണ്ട്. കൃഷിപ്പണി ഈ തറവാടിന്റെ നിഷ്ഠയാണ്. നെല്ല് വിളയേണ്ട പാടം തരിശിടാൻ കാരണവന്മാർ അനുവദിക്കില്ല. ചെറുപ്പക്കാരായ പുതുതലമുറയോടും ഈ ചിട്ടകൾ പറഞ്ഞുനൽകാൻ രാമനെപ്പോലുള്ള കർഷകരും പരിശ്രമിക്കുന്നു.

പൈതൃകവിത്തുസംരക്ഷകനായ രാമനെ മറുനാട്ടിലുള്ളവർക്കും അറിയാം. കേരളത്തിലും പുറത്തുമായി വിവിധ ഏജൻസികളും കൃഷിവകുപ്പും സർക്കാറുമൊക്കെ സംഘടിപ്പിക്കുന്ന പ്രദർശനമേളയിൽ ചെറുവയൽ രാമന്റെ സാന്നിധ്യമുണ്ട്. തന്റെ കൈവശമുള്ള കണ്ണിചെന്നല്ല്, ചേറ്റുവെളിയൻ, മരത്തൊണ്ടി, ചെന്നാൽതൊണ്ടി, ഞവര, ഓക്കൻ പുഞ്ച, ജീരകശാല തുടങ്ങിയ നിരവധി വിത്തുകൾ നിരത്തിവെച്ച് രാമൻ ബോധവത്കരണം നടത്തും. മാറുന്ന കൃഷിരീതിയിൽ മൺമറയുന്ന ഈ പൈതൃകവിത്ത് സംരക്ഷിക്കാനാണ് ഈ കർഷകന്റെ പരിശ്രമം. പാടത്ത് പണിയെടുക്കുന്നതിന്റെ ഇടവേളകൾ മുഴുവനും ഇതിനായി നീക്കിവെക്കുന്നു.

കൃഷിഗവേഷണം നടത്തുന്നവരും എൻജിനീയറിങ്, കാലാവസ്ഥ എന്നിവയെക്കുറിച്ച് പഠിക്കുന്നവരും തുടങ്ങി നിയമസഭയുടെ പബ്ലിക് അക്കൗണ്ട് കമ്മിറ്റിവരെ രാമന്റെ കൃഷിപരീക്ഷണങ്ങൾ നേരിട്ടറിയാൻ ചെറുവയലിലെത്തി. ഒരു ഗവേഷകന്റെ പരിചയസമ്പന്നതയോടെയാണ് ഈ കർഷകൻ തന്റെ കൃഷി അറിവുകളെ ഇവർക്കുമുമ്പിൽ അവതരിപ്പിച്ചത്.

ചെളിയിലും ചേറിലുമൊക്കെ പണിയെടുക്കാൻ ആളില്ലാത്ത കാലത്ത് ഡൽഹിയിലെ ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികൾവരെ കമ്മനയിൽ കൃഷി പഠിക്കാനെത്തുന്നു. വീണ്ടെടുക്കാൻ കഴിയുന്ന കാർഷികപ്രതാപങ്ങളെ പാടത്ത് ഉപേക്ഷിക്കരുത്. ഇതാണ് രാമൻ നൽകുന്ന ഉപദേശം. വി.പി. തമ്പി അവാർഡടക്കം മികച്ച കർഷകനുള്ള നിരവധി പുരസ്കാരങ്ങൾ സ്വീകരിക്കുമ്പോഴും രാമനിലെ കർഷകൻ അടങ്ങിയിരിക്കുന്നില്ല. അടുത്തവർഷത്തേക്കുള്ള കൃഷിക്കായി നെല്ല് സംഭരിച്ചുവെക്കുന്ന തിരക്കിലാണ് അദ്ദേഹം.

Traditional seed saving methods by Cheruvayal Raman in Mathrubhoomi 6 January 2013

**The Hindu January 26, 2013 They are the saviours of our crops R. KRISHNA KUMAR**



food for thought:Cultivation of chemical-free varieties of rice is the need of the hour

Down to earth, devoid of any airs about what they do, they come across as conventional farmers. But scratch the surface and they emerge as a breed apart with characteristic features out of the ordinary.

Rooted in agriculture, they are also great conservationists who have taken upon themselves the challenge of going against the "conventional wisdom" of treading the beaten path. Ploughing a lonely furrow in the field they are naturalists amidst us, going against the current to make a difference to a society that is indifferent to their work.

But neither lack of fame or the indifference of the authorities bordering on apathy, born out of sheer ignorance and arrogance, has deterred them. They have taken it upon themselves in their conviction that diversity in crops, as in life, is worth conserving for posterity.

A motley group of farmers who have formed a network of their own, they pass on their hard-earned fruits of labour to fellow-members in the network by way of exchanging rare and indigenous rice varieties and propagate them so as to conserve crop diversity.

What began as a small initiative taken by Krishnaprasad, an M.Tech in Environmental Engineering but a farmer at heart, the effort to revive and conserve indigenous rice strains has caught on with other farmers and the network today has over 100 paddy farmers engaged in this endeavour in Mysore, Mandya, and Chamarajanagar districts as also in other parts of the State.

Inspired by the One Straw Revolution authored by Masanobu Fukuoka, which changed his perspectives and outlook towards life, Krishnaprasad switched over to agriculture and has strived to promote seed conservation, collaborating with like-minded farmers since two decades. "I was keen on reviving the traditional rice varieties and help in their conservation for which the farmers who were practitioners of chemical farming and the high-yielding varieties had to be convinced first. But there are many among the farmers who realise the harm being done to mother earth by spraying chemical fertilizers and pesticides as also the loss of crop diversity in pursuance of mono culture with focus on only a few varieties of paddy. So we managed to cobble together a handful of farmers and since then we have cultivated a variety of desi rice, propagated them and helped revive their growth", says Mr. Krishnaprasad.

The establishment of Sahaja Samrudha was a step in this direction and the organisation networks with organic farmers, promotes knowledge and information and also enables exchange of seeds and rice. The net result is the gradual expansion of the network over the years and the group – in association with other organisations – has also launched what is called "Save Our Rice campaign" to promote chemical-free cultivation of traditional rice, to highlight their efficacy while ensuring that the seed sovereignty of the farmers is protected.In continuance of this objective, Sahaja Samruddha and the network of farmers organise a Red Rice Mela or Kempakki Mela to highlight the efficacy and medicinal properties of the indigenous varieties of rice that are slowly edging towards extinction. If it was not for these group of farmers who among themselves cultivate nearly 300 varieties of indigenous rice not available in the market, the rice heritage of the country would have been that much poorer.As Mr. Krishnaprasad explained, "Change in lifestyle and consumption pattern in favour of junk food with high cholesterol has a deleterious impact on the health of the people and this is evident in the increase in heart-related diseases. localvariety that has been abandoned in favour of the high-yielding variety. Even the ancient Ayurvedic treatises recognised the medicinal properties of red rice and called it Raktashali."Mr. Krishnaprasad vouches for their anti-oxidant properties just as he advocates rice diversity.R. KRISHNA KUMAR***A group of farmers are exchanging rare and indigenous rice varieties and propagating them so as to conserve crop diversity***

The New Indian Express 01st January 2013

## Successful organic farmer depressed over lack of govt support

By Reema Narendran



Bhaskaran at his farm

If there was one farmer in the city suburbs who was vociferous against organic farming, it was Bhaskaran of Thennoorkonam near Vizhinjam. He very strongly believed that farming sans pesticides was impossible, organic farming was nonviable and that it meant obvious doom for any farmer who attempted it. It took hours of discussions by S Usha, executive director of Thanal, and Seena A S, a campaigner at Zero Waste Centre at Kovalam, to convince Bhaskaran to try out organic farming of vegetables for just one season. He did, and found it was not as bad as he thought it would be.

Yes, there were pest attacks without the pesticides. And the attack was more virulent on his farm as all the other neighbouring plots used pesticides. ''Since they used chemicals, the pests would all gather up in my field, that had none,'' recalled Bhaskaran. This obviously meant he had to spend more time in his farm, tending to each and every plant, often handpicking the little bugs and beetles.

His days started earlier. His food timings became erratic. He was at his farm till very late in the evening. ''But in the end it made me happy. I felt content that I could give pesticide-free vegetables to my customers. It was a great feeling,'' said Bhaskaran, who learnt to use oil seed cakes mixed in cow's urine, ash and cow-dung for manure instead of chemical fertilizers.

This organic farmer grows 'cheera', snake gourd, pepper, beans, string beans, cucumber, several tubers like yam and tapioca and a number of banana varieties on the land that he has leased at the rate of Rs 6,000 for 14 cents. Bhaskaran has leased a total of almost one-and-a-half acres and one crop failure would mean absolute disaster.

Agricultural Officer at Vizhinjam Priya P V said that currently there is no funding to support organic farmers. A fact that continuously depresses Bhaskaran. ''No one acknowledges the hard work we do, nor does the government support organic farmers in any manner,'' he said.

The only support that Bhaskaran gets is from the city-based Green organisation Thanal, at whose Organic Bazaar the farmer sells his organic vegetables. ''They come with a vehicle, take the vegetables at their cost and pays me a handsome sum as well. I don't have to pay money to middlemen either. They have been supporting me for almost nine years now,'' he said.

Problems begin when Bhaskaran's produce exceeds the needs of the Organic Bazaar. ''Then I have to sell it at a much lower rate in the markets, which ends up in a loss. But certain customers at Chalai Market who have tasted my vegetables know they are organic and prefer to buy vegetables from me,'' said Bhaskaran.

Even while he has found joy in giving chemical-free vegetables to his customers, what pains Bhaskaran is the indifference shown by his villagers. ''They know I cultivate organic vegetables here. But none of them are willing to part with an extra Rs 5 or Rs 10 for the safe food I give them. They seem to have a blind eye to all my efforts,'' he said.

Even if just the Vizhinjam panchayat would decide to buy their vegetables from this organic farmer, it would be a major help to the cause of organic farming and healthy living. Usha



THE NEW INDIAN EXPRESS
• THIRUVANANTHAPURAM MONDAY 11 FEBRUARY 2013

The 'Spider' installation by the volunteers of Save A Rupee Spread A Smile (SARSAS), Open Space and Yes Plus at Kanakakkunnu in Thiruvananthapuram on Sunday. The programme was part of the Safe Food Day organised under the aegis of Thanal | Express



11 February 2013 NIE

GM FOOD

'Spider' Installation for Awareness

A human installation was formed at Nishagandhi as part of the National Safe Food Day observations

Express News Service

## The New Indian Express 11 February 2013

# 'Spider' installation for awareness

There won't be an escape from a spider's web once you fall into it. A message highlighted by the youngsters who formed a human installation of a spider at Nishagandhi auditorium here on Sunday as a clarion call on the perils of genetically modified (GM) crops.

The installation was simply like this; dressed in black, the young volunteers formed the eight legs of the spider by slanting to their shoulders tall sticks wrapped in black cloth. Others formed the abdomen part in the centre, by placing on their heads the cardboard models of genetically modified brinjal. A boy, with his entire body spun in white thread, lay on the floor, as if he had fallen prey to the spider, communicating the effect created by a GM crop on the consumer.

Under the aegis of Thanal, the volunteers of Save A Rupee Spread A Smile (SARSAS), Open Space and Yes Plus had come up to form the 'spider' installation. With the participation of around 20 volunteers, the installation was designed and arranged by artist Easwar Subramony and Sachin Sathyarajan.

Adding spice to the installation was the live fusion music by the college band 'Voyage'. The installation was formed on the sidelines of National Safe Food Day observed on February 9.

"We had intimated several people on observing the National Safe Food Day. Among them, these groups willingly came forward as they wanted to do something different," said Sridhar Radhakrishnan of Thanal.

# ടെക്കി കാലത്തെ കൃഷിപാഠങ്ങൾ

പി.ടി. മുഹമ്മദ് സാദിഖ്

**കോഴിക്കോട് കുണ്ടായിത്തോട്ടിലെ കെ.പി. ഇല്യാസും ഇല്യാസിന്റെ നാലു ചങ്ങാതിമാരും കാസർകോട്ടെ ബേഡഡുക്കയിൽ ഒരു സംരംഭം തുടങ്ങി. അത് മണ്ണിനെ അറിഞ്ഞുള്ള വിത്തെറിയലായിരുന്നു. ആ ചെറുപ്പക്കാരുടെ കൂട്ടായ്മ എങ്ങനെ കേരളത്തിന്റെ ഹരിതഭൂപടത്തിൽ സുപ്രധാനമായി മാറുന്നു എന്ന് ഇല്യാസിന്റെ ഈ അനുഭവാഖ്യാനം തെളിയിക്കുന്നു. കൃഷി-പരിസ്ഥിതി-മണ്ണ് എന്നീ പ്രമേയങ്ങളിൽ ആഴ്ചപ്പതിപ്പ് തുടർച്ചയായി നടത്തുന്ന ഇടപെടലിന്റെ ഭാഗമാണ് ഈ ജീവിതകഥ**



കോഴിക്കോട് കുണ്ടായിത്തോട്ടിൽ അഞ്ചു സെന്റിൽ ഒരു കൊച്ചു വീടുണ്ട്. കെ.പി. ഹൗസ്. അവിടെ ചുമട്ടുതൊഴിലാളിയായ ഉമ്മർകോയക്കും വീട്ടമ്മയായ സക്കീനയ്ക്കും ആറ് മക്കൾ. നാല് ആണും രണ്ട് പെണ്ണും. അഞ്ചു സെന്റിൽ പുര നിൽക്കുന്ന ഇടം കഴിഞ്ഞാൽ നാല് വാഴവെക്കാൻപോലും സ്ഥലമില്ല. എന്നിട്ടും ആ കൊച്ചുവീട്ടിലിരുന്ന് അവരുടെ നാലാമത്തെ മകൻ ഇല്യാസ് കണ്ട സ്വപ്നങ്ങളിൽ മുഴുവൻ കൃഷിയുടെ വിശാലമായ പച്ചനിറമായിരുന്നു. പത്താം ക്ലാസിൽ തോറ്റ് വഴിമുട്ടിപ്പോകുമായിരുന്ന ജീവിതം അവൻ കൃഷിഭൂമിയിലേക്ക് പറിച്ചുനട്ടു. നാടായ നാടൊക്കെ ചുറ്റി നടന്നും കാർഷിക ശില്പശാലകളിൽ പങ്കെടുത്തും കിട്ടാവുന്ന പുസ്തകങ്ങളൊക്കെ വായിച്ചും കൃഷി വിദഗ്ധരുമായി ഇടപഴകിയും അവൻ കൃഷിയുടെ പുതിയ ഉസ്താദായി. കൃഷിയെയും പ്രകൃതിയെയും പരിസ്ഥിതിയെയും അവൻ കൂടുതൽ അടുത്തറിഞ്ഞു. കേരള സർക്കാർ 2008-ൽ പ്രഖ്യാപിച്ച ജൈവകൃഷി നയത്തിന്റെ ഭാഗമായി പാലക്കാട്ട് എരുമയൂർ പഞ്ചായത്തിലെ പടേറ്റ് പാടത്ത് നടപ്പാക്കിയ പൈലറ്റ് പ്രൊജക്ടിൽ ഫീൽഡ് ഓർഗനൈസറായി ഇല്യാസ്. ജൈവവൈവിധ്യ പുനരുദ്ധാരണ പദ്ധതിയുടെ ആ മൂന്നു വർഷം ഇല്യാസിന്റെ ജീവിതം കർഷകർക്കിടയിലായിരുന്നു. പാടത്തും പറമ്പിലും പണിയെടുത്ത് അവൻ കൃഷിയുടെ അനുഭവപാഠങ്ങൾ അഭ്യസിച്ചു. ഇന്ന് കൃഷി വഴികളിൽ പരിചയപ്പെട്ട കൂട്ടുകാരുമായി ചേർന്ന് കാസർകോട് ജില്ലയിലെ ബേഡഡുക്കയിൽ ജൈവകൃഷിയിൽ വ്യാപൃതനായിരിക്കുകയാണ് ഇല്യാസ്.

അവർ അഞ്ചുപേരുണ്ട്. അഞ്ചു ചെറുപ്പക്കാർ. ഇരുപത്തേഴിനും മുപ്പത്തഞ്ചിനും ഇടയിൽ പ്രായമുള്ളവർ. ചെയ്തിരുന്ന സർക്കാർ ജോലികളും കൂലിപ്പണികളും തത്കാലം ഉപേക്ഷിച്ച് കൃഷിപ്പണിക്ക് കൂടിയിരിക്കുകയാണ് അവർ. ബേഡഡുക്കയിൽ പന്ത്രണ്ട് ഏക്കർ പറമ്പിലും ഒരു ഏക്കർ പാടത്തും അവർ കിളയ്ക്കുന്നു, വിതയ്ക്കുന്നു, കൊയ്യുന്നു. രാസവളവും കീടനാശിനിയും ഉപയോഗിക്കാത്ത ഒരു മാതൃകാ ജൈവകൃഷിത്തോട്ടം എന്ന ലക്ഷ്യത്തിലേക്കാണ് മണ്ണിനെയും പ്രകൃതിയെയും മനുഷ്യരെയും സ്നേഹിക്കുന്ന ഐവർ സംഘം വിത്തെറിഞ്ഞിരിക്കുന്നത്. അവർ വിജയത്തിന്റെ പച്ചപ്പാതയിലാണ്. കേരളത്തിന്റെ തനതായ കൃഷി അറിവുകൾ പ്രയോജനപ്പെടുത്തി വിഷമില്ലാത്ത ഭക്ഷണവും സുസ്ഥിരമായ കൃഷിരീതിയും സാധ്യമാക്കുകയാണ് അവരുടെ ലക്ഷ്യം.

ഇല്യാസിനു പുറമെ ചാലക്കുടി സ്വദേശി അനിൽ, കണ്ണൂർ കണ്ണപുരം സ്വദേശി സനൂപ്, ബേക്കൽ സ്വദേശി ഷൈജു, ബേഡകം സ്വദേശി ഹരീഷ് എന്നിവരാണ് കേരളത്തിന്റെ കാർഷികരംഗത്തിന് പുതിയ യൗവനം നൽകാൻ മുണ്ടുമുറുക്കിയവർ.

സുഭാഷ് പലേക്കറുടെ സീറോ ബജറ്റ് കൃഷിരീതിയാണ് പ്രധാനമായും അവർ അവലംബിക്കുന്നത്. ഫുക്കുവോക്കയുടെ 'ഒറ്റവൈക്കോൽ വിപ്ലവ'ത്തിന്റെയും തമിഴ്നാട്ടിലെ 'നമ്മാഴ്വാറി'ന്റെയുമൊക്കെ രീതികളുമുണ്ട്. കേരളത്തിന്റെ ത ▶





നതായ കൃഷി അറിവുകളും പ്രയോജനപ്പെടുത്തുന്നുണ്ട്. ഞാറ്റുവേലയും പക്കവുമെല്ലാം നോക്കിയാണ് കൃഷിയിറക്കുന്നത്. യാതൊരുവിധ വളങ്ങളും പുറത്തുനിന്ന് വാങ്ങുന്നില്ല. നാടൻവിത്തുകൾ മാത്രമാണ് ഉപയോഗിക്കുന്നത്. കാസർക്കോടൻ കുള്ളൻ വിഭാഗത്തിലുള്ള മൂന്ന് പശുക്കളുടെ ചാണകവും മൂത്രവുമാണ് വളനിർമാണത്തിന് ഉപയോഗിക്കുന്നത്.

സൂര്യപ്രകാശം മണ്ണിൽ വീഴാൻ അനുവദിക്കാതെ വിളകൾക്കിട

**കെ.പി. ഇല്യാസ്**

അഞ്ചു ചെറുപ്പക്കാർ. സർക്കാർ ജോലികളും കൂലിപ്പണികളും ഉപേക്ഷിച്ച് കൃഷിപ്പണിക്ക് കൂടിയവർ. ബോവിക്കാനത്തെ പാമ്പിലും പാടത്തും അവർ വിതയ്ക്കുന്നു, കൊയ്യുന്നു. ഒരു മാതൃകാ ജൈവകൃഷിത്തോട്ടം എന്ന ലക്ഷ്യത്തിലേക്കാണ് ഇവർ വിത്തെറിഞ്ഞിരിക്കുന്നത്.

യിൽ കരിയിലകൾ കൊണ്ട് പുതയിട്ട് സംരക്ഷിക്കുന്നു. കളകൾ പിഴുതു കളയാറില്ല. പ്രധാന വിളകൾക്ക് മുകളിൽ വരുന്നവ മാത്രം വെട്ടിക്കൊടുക്കും. ബഹുവിള കൃഷി സമ്പ്രദായ പ്രകാരം തെങ്ങുകൾക്കിടയിൽ വാഴ, പപ്പായ, ചേന, കൈതച്ചക്ക, തുവര, കുറ്റിപ്പയർ, അതിരുകളിൽ ചീമക്കൊന്ന, ആടലോടകം എല്ലാം നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇടയ്ക്ക് കിടനിയന്ത്രണ വിളകളായ ചെണ്ടുമല്ലിയും ചോളവും.

ഇടവപ്പാതി നന്നായി കിട്ടുന്ന പ്രദേശമാണ്. തുലാവർഷം കുറവും. അതുകൊണ്ടുതന്നെ ജലസംരക്ഷണം ഉറപ്പു വരുത്തുന്ന രീതിയിലാണ് നിലം ഒരുക്കിയിട്ടുള്ളത്. ചെരിഞ്ഞ പ്രദേശമാണ്. കുന്നിൻചെരിവുകൾ തട്ടുകളായി തിരിച്ച് മൺകയ്യാലകൾ കെട്ടി, മഴക്കുഴികൾ നിർമിച്ചിട്ടുണ്ട്. വെള്ളം കുത്തിയൊലിച്ച് പോകാതിരിക്കാൻ അതിരിൽ മരങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കുന്നിന്റെ ഏറ്റവും മുകളിൽ പാറമടകൾക്ക് ചുറ്റിലും ജലം പിടിച്ചു നിർത്തുന്നതിന് മരങ്ങളും ഇരുപത് ഇനത്തിൽപ്പെട്ട ഇരുനൂറോളം മുളകളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത ജലസേചന രീതിയായ നാല് സുരങ്കങ്ങളുണ്ട്. കൃഷിയിടത്തിന്റെ മറ്റൊരു ഉയർന്ന ഭാഗം കാവായി സംരക്ഷിക്കുന്നു.

കഴിഞ്ഞ മെയിലാണ് സംഘം ഇവിടെ വാഴയും പച്ചക്കറിയും കൃഷി ചെയ്യാൻ ആരംഭിച്ചത്. 60 സെന്റ് വയലിൽ നവരക്കണ്ടമാണ് കൃഷി ചെയ്തത്. വിളവെടുത്തപ്പോൾ 750 കിലോഗ്രാം ലഭിച്ചു. അതായത് ഹെക്ടറിന് 3.1 ടൺ. കേരളത്തിലെ ശരാശരി നെല്ലുത്പാദനം ഹെക്ടറിന് 2.6 ടൺ ആണെന്ന് ഓർക്കണം. ബാക്കി നാലുന്ന് സെന്റിൽ ഗന്ധകശാലയാണ്. കൊയ്യാറാകുന്നേയുള്ളൂ. ഈ രംഗത്തേക്ക് വരുന്ന മുഴുവൻ കർഷകർക്കും മാതൃകയായാണ് ഈ തോട്ടം ഒരുക്കിയിട്ടുള്ളതെങ്കിലും തൽക്കാലം സന്ദർശകരെ അനുവദിക്കുന്നില്ല. കൃഷി പ്രാരംഭഘട്ടത്തിലാണ്. ഇപ്പോൾ സന്ദർശകരെ അനു

വദിച്ചാൽ കൃഷിപ്പണി മുടങ്ങും എന്നതാണ് കാരണം. ലക്ഷ്യം നേടിക്കഴിഞ്ഞാൽ കൃഷി പഠിക്കാൻ ഇത് പുതിയൊരു സർവകലാശാലയാകുമെന്നതിൽ സംശയം വേണ്ട. നാൽപത് ഇനം നെൽവിത്തുകൾ അവയുടെ സ്വഭാവഗുണങ്ങൾ പഠിക്കുന്നതിനായി ഇവിടെ ചെറിയ പ്ലോട്ടുകളിൽ കൃഷി ചെയ്യുന്നുണ്ട്.

ഇല്യാസിന് കൃഷി ഒരു ഉപജീവനമാർഗമല്ല. ഹരിത വിപ്ലവക്കാരും അവരുടെ പിണിയാളുകളായ കൃഷി ശാസ്ത്രജ്ഞരും തകർത്തു തരിപ്പണമാക്കിയ നമ്മുടെ മണ്ണിന്റെ ജൈവാംശവും ഫലഭൂയിഷ്ഠിയും തിരിച്ചുപിടിക്കാനുള്ള സമരമാണ്. സുസ്ഥിരമായ കൃഷിരീതിയും ഭക്ഷ്യസുരക്ഷയും വിഷമില്ലാത്ത ഭക്ഷണവും നേടിയെടുക്കുന്നതിനായി രാസവള/കീടനാശിനി ലോബികൾക്കെതിരെ നടത്തുന്ന പോരാട്ടമാണ്.

ഇല്യാസ് പതിനാറാം വയസ്സിൽ തന്റെ കൊച്ചു ജീവിതം മണ്ണിലേക്ക് പറിച്ചുനട്ടത് വ്യക്തമായ ലക്ഷ്യങ്ങളോടെ തന്നെയാണ്. ഒരേ ഭൂമി ഒരേ ജീവൻ പ്രസ്ഥാനത്തിന്റെ സംസ്ഥാന സെക്രട്ടറിയായ ഇല്യാസ് കാസർകോട് മുതൽ തൃശ്ശൂർവരെ നടന്ന വിത്തുസംരക്ഷണ യാത്രയുടെ (Seed Caravan) ക്യാപ്റ്റനായിരുന്നു. അതിരപ്പിള്ളി സമരത്തിലും ജനിതകമാറ്റം വരുത്തിയ വിത്തുകൾക്കെതിരായ സമരത്തിലും സജീവ സാന്നിധ്യമായിരുന്നു. 'നെൽകൃഷി ജൈവരീതിയിൽ' എന്ന പേരിൽ ഇല്യാസ് ഈയിടെ പ്രസിദ്ധീകരിച്ച പുസ്തകം നെൽകൃഷിയിലേക്ക്

വരാൻ ആഗ്രഹിക്കുന്നവർക്ക് ഉത്തമ വഴികാട്ടിയത്രെ.

ഇല്യാസ് തൻെറ ജീവിതവും കൃഷി അനുഭവങ്ങളും പങ്കുവെക്കുന്നു.

പത്താം ക്ലാസ് കഴിഞ്ഞപ്പോൾ ഞാൻ ചെറുവണ്ണൂരിലെ ഒരു കടയിൽ ജോലിക്ക് പോയിരുന്നു. ബോർഡുകളും ബാനറുകളുമൊക്കെ എഴുതുകയായിരുന്നു ജോലി. ഇപ്പോൾ കുരാച്ചുണ്ട് കാറ്റുകൊള്ളാൻ മലയിൽ നാടൻപശുക്കളെ സംരക്ഷിക്കുന്ന കളത്തിങ്ങൽ ബഷീർ അതിനടുത്തൊരു അക്വേറിയവും നഴ്സറിയും നടത്തിയിരുന്നു. അവിടെ 'ഒരേ ഭൂമി ഒരേ ജീവൻ' എന്ന മാഗസിൻ വരും. ആ മാഗസിനിൽ വായിച്ച ജൈവകൃഷിയെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചുമൊക്കെയുള്ള ലേഖനങ്ങൾ എന്നെ ആകർഷിച്ചു. ആ സമയത്താണ് കുണ്ടായിത്തോട് സ്വാതന്ത്ര്യ സുവർണ ജൂബിലി ഗ്രന്ഥശാല തുടങ്ങുന്നത്. അവിടന്ന് കിട്ടുന്ന പുസ്തകങ്ങളും മാഗസിനുകളുമൊക്കെ വായിക്കാൻ തുടങ്ങി. ബോർഡും ബാനറുമെഴുതുന്ന കടയിലാണെങ്കിൽ പലതരത്തിലുള്ള ആളുകൾ വരും. അവർ പല വിഷയങ്ങളിൽ ചർച്ചകൾ നടത്തും. അവിടെ പരിസ്ഥിതി ചർച്ചകൾക്ക് തുടക്കം കുറിക്കുക ബഷീറാണ്.

'ഒരേ ഭൂമി ഒരേ ജീവൻ' മാഗസിനിൽ ഒരിക്കൽ ഒരു അറിയിപ്പ് കണ്ടു. തിരൂരിൽ ഗാന്ധിയൻ പ്രകൃതി ചികിത്സാ കേന്ദ്രവും കേരള ജൈവ കർഷക സമിതിയും മറ്റും ചേർന്ന് ജൈവ കർഷക സംഗമം സംഘടിപ്പിക്കുന്നു. 1994-ൽ രൂപംകൊണ്ടതാണ് കേരള ജൈവ കർഷക സമിതി. ജോൺസി മാഷും സി.ആർ. ആർ. വർമയുമൊക്കെയായിരുന്നു അതിന് പിന്നിൽ. 1988-ൽതന്നെ 'ഒരേ ഭൂമി ഒരേ ജീവൻ' സംഘടന നിലവിൽ വന്നിരുന്നു. പ്രകൃതിജീവനത്തെക്കുറിച്ച് എല്ലാവരും പറയുന്നുണ്ടെങ്കിലും നല്ല ഭക്ഷണം എവിടെ നിന്ന് കിട്ടുമെന്നൊരു പ്രശ്നം വന്നു. രാസവളവും കീടനാശിനിയും ഉപയോഗിച്ചുള്ള പച്ചക്കറികളാണ് നമുക്ക് കിട്ടുന്നത്. നല്ല ഭക്ഷണം കിട്ടണമെങ്കിൽ ജൈവകൃഷി വേണം. അതിന് കർഷകരെ ബോധവത്കരിക്കണം. അങ്ങനെയാണ് കാലടിയിലെ ഒരു ഓഡിറ്റോറിയത്തിൽവെച്ച് ജൈവകർഷക സമിതി രൂപവത്കരിക്കുന്നത്. ജൈവകൃഷിയിൽ താത്പര്യമുള്ളവരെ സംഘടിപ്പിക്കാനും വിത്തു കൈമാറാനുമൊക്കെ ഒരു വേദി. അതിൻെറ എട്ടാമത്തെ സംഗമമാണ് തിരൂരിൽ നടന്നത്. അതിലാണ് ഞാൻ ആദ്യമായി പങ്കെടുക്കുന്നത്. ജൈവകൃഷിയെക്കുറിച്ച് കെ.വി. ദയാലിൻെറ ക്ലാസാണ് ആദ്യമായി കേട്ടത്. അത് വേറിട്ട ഒരനുഭവമായി. സ്കൂൾ ക്ലാസുകളും കുറെ കവല പ്രസംഗങ്ങളും കേട്ടിട്ടുണ്ടെന്നല്ലാതെ അത്തരമൊരു ക്ലാസ് ആദ്യമായാണ് കേൾക്കുന്നത്.

രാസകൃഷിയുണ്ടെന്നും ജൈവകൃഷിയുണ്ടെന്നുമൊക്കെ അറിയുന്നത് ഈ ക്യാമ്പിൽവെച്ചാണ്. വനവും കൃഷിയും തമ്മിലുള്ള ബന്ധം, രാസവളവും കീടനാശിനിയും ഭൂമിയിലുണ്ടാക്കുന്ന വിനാശം അങ്ങനെ പലതും ആ ക്ലാസിൽ കേട്ടു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം എന്തെന്ന് മനസ്സിലായത് എ.വി. ശിവപ്രസാദിൻെറ ക്ലാസിൽ നിന്നാണ് (അദ്ദേഹം കഴിഞ്ഞ വർഷം മരിച്ചു). ഒരുപാട് ചെറുപ്പക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ ശിവപ്രസാദിൻെറ ക്ലാസുകൾ ഉപകരിച്ചു. ഒരു അപ്പൂപ്പൻ കഥ പറയുന്നതുപോലെയാണ് അദ്ദേഹത്തിൻെറ ക്ലാസ്. ഏത് ചെറിയ കുട്ടിക്കും അത് മനസ്സിലാകും. നമ്മൾ പ്രകൃതിയോട് വല്ലാത്തൊരു അടുപ്പത്തിലായിപ്പോകും. ആ ക്യാമ്പിൻെറ വേറൊരു പ്രത്യേകത, ക്ലാസെടുക്കാൻ വരുന്നവരും കേൾക്കാൻ വരുന്നവരുമൊക്കെ ഒരുമിച്ച് കിടക്കുകയും ഭക്ഷണം പങ്കിട്ട് കഴിക്കുകയുമൊക്കെ ചെയ്യുന്നവരാണ്. എല്ലാവരും മുതിർന്നവരാണ്. ഞാൻ ആ കൂട്ടത്തിലെ കുട്ടിയാണ്. എല്ലാവരും എന്നോട് പ്രത്യേക താത്പര്യം കാണിച്ചു. എൻെറ ജീവിതത്തിലെ വലിയൊരു മാറ്റമായിരുന്നു അത്. പിന്നീട് നിരന്തരമായി ജൈവകർഷക ക്യാമ്പുകളിലും പരിസ്ഥിതി ക്യാമ്പുകളിലും പങ്കെടുക്കാൻ തുടങ്ങി. കരീം കെ. പുറം, കെ.പി. സണ്ണി തുടങ്ങി മനസ്സിൽ ചെറുപ്പമുള്ളവരായിരുന്നു എനിക്ക് കൂട്ട്.

വായന തുടങ്ങിയപ്പോൾതന്നെ എസ്.കെ. പൊറ്റെക്കാടിൻെറ യാത്രാവിവരണങ്ങൾ എന്നെ ആകർഷിച്ചിരുന്നു. സാമ്പത്തികശേഷിയില്ലായിരുന്നതുകൊണ്ട് സ്കൂളിൽ പഠിക്കുമ്പോൾ ടൂറുകൾക്കൊന്നും പോയിട്ടില്ല. പത്താം ക്ലാസ് കഴിഞ്ഞപ്പോൾ യാത്ര ഒരു ഹരമായി. യൂത്ത് ഹോസ്റ്റൽ അസോസിയേഷൻെറ ആഭിമുഖ്യത്തിലുള്ള യാത്രകളിൽ പങ്കെടുത്തു. ആ യാത്രകളിലാണ് പരിസ്ഥിതി പ്രവർത്തകരായ ബഷീർ, രമേശൻ, അനിൽ ജ്യോതി തുടങ്ങിയവരെ പരിചയപ്പെട്ടത്. അവിവാഹിതനായ അനിൽ ജ്യോതി ഇപ്പോൾ കാറ്റുകൊള്ളാൻ മലയിൽ കാടും പ്രകൃതിയുമൊക്കെയായി കഴിയുകയാണ്. അദ്ദേഹത്തിൻെറ ജീവിതം എന്നെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ കൂടെ കുറെ യാത്രകൾ പോയിരുന്നു. ആ യാത്രകളും പ്രകൃതിയെയും പരിസ്ഥിതിയെയും അടുത്തറിയാൻ സഹായകമായി. ജ്യോ ▶


# സാഹിത്യകൈരളി

# പുസ്തകവാർത്ത



വേണാടിന്റെ പാരമ്പര്യസംസ്കൃതിയുടെ സാക്ഷ്യങ്ങളാണ് തെക്കൻ കഥാഗാനങ്ങൾ (പാട്ടുകഥകൾ). തന്റെ ജന്മനാടിന്റെ അലിഖിതചരിത്രം കണ്ടെത്താൻ വേണ്ടി രണ്ടു പതിറ്റാണ്ടുകളായുള്ള ഗവേഷണത്തിന്റേയും പഠനങ്ങളുടേയും ഫലമായി ഡോ.തിക്കുറിശ്ശി ഗംഗാധരൻ കൈരളിക്കു സമർപ്പിച്ച ഇരുപതു പാട്ടുകഥകൾ ഉൾക്കൊള്ളുന്ന മൂന്നു കൃതികൾ ഞങ്ങൾ അഭിമാനപൂർവ്വം സഹൃദയസമക്ഷം സമർപ്പിക്കുന്നു.



**1. വേണാടിന്റെ കഥാഗാനങ്ങൾ**

പതിനെട്ടുകഥാഗാനങ്ങളുടെ സമാഹാരം. ഇതുവരെ അജ്ഞാതമായിരുന്ന ഏതാനും കഥകളും ഈ സമാഹാരം ഉൾക്കൊള്ളുന്നു
അവതാരിക : കാവാലം നാരായണപണിക്കർ
പേജ്: 1150, വില 750/-

**2. ഇരവിക്കുട്ടിപ്പിള്ളപോര് ഒരു പഠനം**

സമ്പൂർണ്ണപാഠവും വ്യാഖ്യാനവും
അവതാരിക: ഡോ.കെ.എം.ജോർജ്ജ്
പേജ്: 354, വില 175/-

**3. ഉലകുടെപെരുമാൾ പാട്ടുകഥ**

മഹാകവി കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകളിൽ പരാമൃഷ്ടനായ ഉലകുടെപെരുമാളുടെ ധീരസാഹസിക കഥ. അനുബന്ധത്തിൽ തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിലെ തമ്പുരാൻ ക്ഷേത്രങ്ങളുടെ സചിത്രവിവരണം.
പേജ്: 600, വില 300/-

**സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ആകർഷകമായ വ്യവസ്ഥകളിൽ പുസ്തകങ്ങൾ ലഭിക്കുന്നു**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
**സാഹിത്യകൈരളി പ്രസിദ്ധീകരണങ്ങൾ**
ഭഗവതിനട.പി.ഒ (വഴി) ബാലരാമപുരം
തിരുവനന്തപുരം 695 501.
ഫോൺ: 0471240139 Mob: 9495244430

തിയാണ് തിരൂരിലെ കർഷക സംഗമത്തിൽ പങ്കെടുക്കാൻ പറഞ്ഞത്. പിന്നീട് കരീമിന്റെയും സണ്ണിയുടെയുമൊക്കെ കൂടെ ക്യാമ്പുകളുടെ സംഘാടനത്തിലേക്ക് വന്നു. കോഴിക്കോട്ടെ ശോഭീന്ദ്രൻ മാഷെ പരിചയപ്പെട്ടത് അക്കാലത്താണ്. അദ്ദേഹത്തിന്റെ പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ തുടങ്ങി. സിവിക് ചന്ദ്രന്റെ കൂടെ സാംസ്കാരിക പ്രവർത്തനങ്ങളിലും പങ്കാളിയായി.

2007 ആയപ്പോഴേക്കും ജൈവ കർഷക ക്യാമ്പുകളിൽ ചെറുപ്പക്കാർ വരാൻ തുടങ്ങി. അപ്പോഴാണ് ജൈവ കർഷക സമിതിയുടെ മാതൃസംഘടനയായ 'ഒരേ ഭൂമി ഒരേ ജീവൻ' എന്ന സംഘടനയ്ക്ക് യുവജനവിഭാഗം രൂപവത്കരിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ ജൈവകർഷക സമിതിയിൽ രണ്ടായിരത്തോളം അംഗങ്ങളുണ്ട്. കൊല്ലവും പത്തനംതിട്ടയും ഒഴികെ എല്ലാ ജില്ലകളിലും മാസം തോറും കർഷക സംഗമങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഞാൻ ഈ സമയത്തൊക്കെ കൃഷിയെക്കുറിച്ച് പഠിക്കുകയായിരുന്നു. ഭൂമി ഇല്ലെങ്കിലും കൃഷി ചെയ്യണമെന്ന് വലിയ മോഹമായിരുന്നു. ജൈവ കർഷകരുടെ വീടുകളിൽ പോയും അവരുടെ കൃഷിപ്പണികളിൽ സഹായിച്ചും കൊയ്ത്തിൽ പങ്കെടുത്തുമൊക്കെയാണ് കൃഷിയറിവുകൾ സമ്പാദിച്ചത്. യാത്രകളിൽ കണ്ടുമുട്ടുന്ന പഴയ കർഷകരിൽനിന്നും അറിവുകൾ ശേഖരിച്ചു. പലതരം കൃഷിരീതികളെക്കുറിച്ച് പുസ്തകങ്ങൾ വായിച്ചു. 2007-ൽ രൂപവത്കരിച്ച ഒരേ ഭൂമി ഒരേ ജീവന്റെ യുവജന വിഭാഗത്തിന്റെ ഭാരവാഹി എന്ന നിലയിൽ കൃഷിയിടങ്ങൾ സന്ദർശിക്കുമായിരുന്നു.

ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ പ്രശ്നത്തെക്കുറിച്ച് തണലിലെ എസ്. ഉഷയും ആർ. ശ്രീധറുമൊക്കെ ജൈവ കർഷക ക്യാമ്പുകളിൽ ക്ലാസെടുക്കും. അവരുടെ ക്ലാസ് കേട്ടപ്പോൾ ഈ വിഷയത്തിൽ സജീവമായി ഇടപെടണമെന്ന് തോന്നി. അതിനെതിരെ യുവജനവിഭാഗം കാമ്പയിനും സമരവും സംഘടിപ്പിക്കാൻ തീരുമാനിച്ചു. മണ്ണുത്തി കാർഷിക സർവകലാശാല മുതൽ തൃശ്ശൂർ ടൗൺ വരെ 12 പേർ പങ്കെടുത്ത സമരം. കാമ്പസിനകത്തും പുറത്തുമൊക്കെ ജനിതകമാറ്റം വരുത്തിയ വിത്തുകൾക്കെതിരെ പോസ്റ്ററുകളെഴുതിവെച്ചു. പുതിയ സമരരീതി എന്ന നിലയിൽ റോഡിൽ വെച്ച് പരസ്യമായാണ് പോസ്റ്ററുകളെഴുതിയിരുന്നത്. അതിരപ്പിള്ളി സമരത്തിലും യുവജനവിഭാഗം പങ്കെടുത്തിരുന്നു. സൈക്കിൾ വിത്ത് എമിഷൻ എന്ന ബാനറിൽ കാസർകോട് മുതൽ തിരുവനന്തപുരം വരെ ഒരു സൈക്കിൾ യാത്ര നടത്തിയിരുന്നു. നാല് ആശയങ്ങൾക്കുവേണ്ടിയായിരുന്നു ആ യാത്ര. സൈക്കിൾയാത്ര പ്രോത്സാഹിപ്പിക്കുക, ജനിതക മാറ്റം വരുത്തിയ വിത്തുകൾ ഉപേക്ഷിക്കുക, ജൈവകൃഷി നയം പ്രഖ്യാപിക്കുക, ലൈംഗിക തൊഴിലാളികളുടെ കുട്ടികളെ സംരക്ഷിക്കുന്ന 'ചില്ല' എന്ന സംഘടനയ്ക്ക് വീട് നിർമിക്കുക ഇവയായിരുന്നു ആ നാല് ആശയങ്ങൾ. 2007-ലായിരുന്നു അത്.

2008-ൽ ജൈവകൃഷിനയം പ്രഖ്യാപിച്ചു. പത്തുവർഷം കൊണ്ട് കേരളത്തിലെ കർഷകരെ പടിപടിയായി രാസകൃഷിയിൽനിന്ന് ജൈവകൃഷിയിലേക്ക് മാറ്റുക എന്നതായിരുന്നു ജൈവ കൃഷി നയത്തിന്റെ മുഖ്യലക്ഷ്യം. നയം പ്രഖ്യാപിച്ചു എന്നല്ലാതെ തുടർനടപടികളുണ്ടായില്ല. അന്ന് ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. വി.എസ്. വിജയനാണ്. ജൈവകൃഷി നയം നടപ്പിലാക്കണമെങ്കിൽ അതിനൊരു മാതൃക വേണം. കൃഷിവകുപ്പിന് അതിൽ വലിയ താത്പര്യമൊന്നുമുണ്ടായിരുന്നില്ല. കൃഷി ജൈവവൈവിധ്യ ബോർഡിന്റെ ഭാഗമല്ല. ജൈവവൈവിധ്യം നിലനിർത്തിക്കൊണ്ടുള്ള കൃഷി പ്രോത്സാഹിപ്പിക്കണം എന്ന ഒരു ആശയം മുൻനിർത്തി ജൈവവൈവിധ്യ പുനരുദ്ധാരണ പദ്ധതി തുടങ്ങാൻ ജൈവവൈവിധ്യ ബോർഡ് തീരുമാനിച്ചു. കാർഷിക ആവാസ വ്യവസ്ഥ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഉതകുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തത്.

ഇന്ത്യയിൽ വനം സംരക്ഷിക്കാൻ ഒരുപാട് നിയമങ്ങളുണ്ട്. പക്ഷേ, കാർഷിക ആവാസ വ്യവസ്ഥ സംരക്ഷിക്കാൻ ഒരു നിയമവുമില്ല. ഒരു സംവിധാനവുമില്ല. ആർക്കും എന്തും ചെയ്യാം. രാസവളവും കീടനാശിനിയും ഉപയോഗിക്കാം. ഹരിത വിപ്ലവമാണ് രാജ്യത്തിന്റെ കാർഷിക ആവാസവ്യവസ്ഥ തകർത്തുകളഞ്ഞത്. ടൺകണക്കിന് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം നമ്മുടെ മണ്ണിനെയും ജൈവവൈവിധ്യത്തെയും നശിപ്പിച്ചു. 'എന്റെ നെൽകൃഷി ജൈവരീതിയിൽ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ ഡോ. വി.എസ്. വിജയൻ ഇക്കാര്യം എഴുതിയിട്ടുണ്ട്. കൃഷിഭൂമി നിശ്ശബ്ദമായി. അവിടെ തവളകളുടെ കരച്ചിലില്ല. കരിയിലക്കിളികളുടെ കലപിലയില്ല. ചൂളത്താറാവുകളുടെ ചൂളംവിളിയില്ല. തെങ്ങുകളിൽ നിന്നും പനകളിൽ നിന്നും തൂക്കണാംകുരുവികളുടെ കൂടുകൾ കാണാതായി. കാക്കത്തമ്പുരാട്ടിയും വേലിത്തത്തയും പ്രാണിപിടിയൻ പക്ഷികളും കുരുവികളും അന്യം നിന്നുകൊണ്ടിരിക്കുകയാണ്. കൃഷിഭൂമിയിലെ ഭക്ഷ്യശൃംഖലയാണ് താറുമാറായത്.

ഈ സ്ഥിതിവിശേഷം കൂടി കണക്കിലെടുത്താണ് 2008-ൽ പാലക്കാട് ജില്ലയിലെ പടേറ്റി പാടത്ത് ജൈവവൈവിധ്യ-കാർഷിക ആവാസവ്യവസ്ഥ പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. ജൈവകൃഷിനയത്തിന്റെ പൈലറ്റ് പ്രോജക്ടായിരുന്നു ഇത്. ഇതിന് സാങ്കേതിക സഹായം നൽകിയത് പരിസ്ഥിതി സംഘടനയായ തിരുവനന്തപുരത്തെ തണലാണ്. ഉഷയും ശ്രീധറും ജയകുമാറുമൊക്കെയായിരുന്നു അതിന്റെ നേതൃത്വത്തിൽ. രാസവളങ്ങളോ കീടനാശിനിയോ ഇല്ലാതെതന്നെ കൃഷി ലാഭകരമാക്കാൻ പറ്റുമോ എന്നൊരു പരീക്ഷണമായിരുന്നു അത്. കാർഷിക ആവാസവ്യവസ്ഥ നന്നായിരുന്നാൽ മാത്രമേ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കഴിയൂ എന്ന് കർഷകരെ ബോധ്യപ്പെടുത്തുകയായിരുന്നു മറ്റൊരു ലക്ഷ്യം.

**കൃഷിയിലേക്ക് വന്നപ്പോൾ അതിന്റെ പ്രതിസന്ധിയും പ്രശ്നങ്ങളുമൊക്കെ മനസ്സിലായി. നെൽകൃഷിയിൽ കർഷകർ അനുഭവിക്കുന്ന പ്രധാന പ്രശ്നം വിലയില്ല എന്നതാണ്. ഇന്നത്തെ നിലയ്ക്ക് ഒരു കിലോ നെല്ല് ഉത്പാദിപ്പിക്കാൻ 22 രൂപ ചെലവുണ്ട്.**

രാസകൃഷിയിൽ നിന്ന് മാറാൻ തുടക്കത്തിൽ കർഷകർ മടിച്ചു. പലവട്ടം ചർച്ചകളും സംവാദങ്ങളും സംഘടിപ്പിച്ചു. പെട്ടെന്ന് രാസകൃഷിയിൽ നിന്ന് ജൈവകൃഷിയിലേക്ക് മാറുമ്പോൾ ഉണ്ടായേക്കാവുന്ന നഷ്ടത്തെക്കുറിച്ചായിരുന്നു കർഷകരുടെ ആശങ്ക. ആ നഷ്ടം പരിഹരിക്കാമെന്ന് ബോർഡ് കർഷകർക്ക് ഉറപ്പ് കൊടുത്തു. ജൈവവളം ഉണ്ടാക്കാനുള്ള സാമ്പത്തിക സഹായവും ബോർഡ് നൽകി. പ്രദേശത്തെ മുഴുവൻ ജനങ്ങളെയും പദ്ധതിയുടെ ഗുണഭോക്താക്കളാക്കി. അവരുടെ ആവശ്യങ്ങൾ തിരിച്ചറിയുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്തു. നാടൻ പശുക്കളെ വാങ്ങാനും കമ്പോസ്റ്റിങ്, ദ്രവവളങ്ങളുടെ നിർമാണം എന്നിവയ്ക്കും സഹായം നൽകി. വിത്തിന്റെ പരിചരണം മുതൽ കൊയ്ത്തുവരെയുള്ള കാര്യങ്ങൾക്ക് സാങ്കേതിക സഹായവും കൃഷി വയൽ വിദ്യാഭ്യാസവും നൽകി.

ജൈവകൃഷിയുടെ ആചാര്യനായ തമിഴ്നാട്ടിലെ നമ്മാൾവാരായിരു

ന്നു പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചത്. രണ്ട് ഫീൽഡ് ഓർഗനൈസർമാരുണ്ടായിരുന്നു. ജൈവവൈവിധ്യ ബോർഡിന്റെ ഫീൽഡ് ഓഫീസറും. തണലിന്റെ ഫീൽഡ് ഓഫീസറും. തണൽ നിയോഗിച്ച ആൾ പെട്ടെന്ന് വിട്ടുപോയി. കൃഷിയിൽ താത്പര്യമുള്ള ഒരാളെ ഫീൽഡ് ഓഫീസറായി വെക്കണം. ആ അവസരം എനിക്ക് കിട്ടി. ബോർഡും ബാനറുമെഴുതുന്ന ജോലി അതോടെ പൂർണമായും ഉപേക്ഷിച്ചു.

സ്ഥതയിലുള്ളതായിരുന്നു ഈ കൃഷിയിടങ്ങൾ. അവരിൽ 46 നെൽകർഷകരാണുണ്ടായിരുന്നത്. മറ്റുള്ളവർക്ക് ഇഞ്ചി, കുരുമുളക്, വാഴ, റബ്ബർ തുടങ്ങിയ പറമ്പുകൃഷികളാണ്.

കർഷകർ താത്പര്യമെടുത്തെങ്കിലും രാസവളം അവരുടെ ശീലമായിരുന്നല്ലോ. അതുകൊണ്ട് തുടക്കത്തിൽ മണ്ണിര കമ്പോസ്റ്റും ആവണക്കിൻ പിണ്ണാക്കുമൊക്കെ പുറത്തുനിന്ന് നൽകേണ്ടിവന്നു. ജൈവവ

കൃഷിയിലേക്ക് വന്നപ്പോൾ അതിന്റെ പ്രതിസന്ധിയും പ്രശ്നങ്ങളുമൊക്കെ മനസ്സിലായി. നെൽകൃഷിയിൽ കർഷകർ അനുഭവിക്കുന്ന പ്രധാന പ്രശ്നം വിലയില്ല എന്നതാണ്. ഇന്നത്തെ നിലയ്ക്ക് ഒരു കിലോ നെല്ല് ഉത്പാദിപ്പിക്കാൻ 22 രൂപ ചെലവുണ്ട്. കേരള സർക്കാർ നൽകുന്ന സംഭരണ വില 17 രൂപയാണ്. മറ്റു പല സംസ്ഥാനങ്ങളിലും 11.30 രൂപയേയുള്ളൂ. ചെലവ് എപ്പോഴും കൂടുന്നു. അതിനനുസരിച്ച് വില കൂടുന്നി



നാടൻവിത്ത് സംരക്ഷണ സന്ദേശ യാത്ര കാഞ്ഞങ്ങാട് കൂട്ടക്കനി ഗവ. യു.പി. സ്കൂളിൽ എത്തിയപ്പോൾ

നാനൂറ് ഏക്കർ സ്ഥലത്തായിരുന്നു പ്രോജക്ട്. അതിൽ 200 ഏക്കർ പറമ്പും പാടവും. 200 ഏക്കർ വനപ്രദേശവും. ഇതിൽ 100 ഏക്കർ വയൽ മാത്രമാണ്. തുടക്കം നെൽകൃഷിയിൽ നിന്നായിരുന്നു. പിന്നീട് അത് പുരയിട കൃഷിയിടത്തിലേക്കും വ്യാപിപ്പിച്ചു. വ്യത്യസ്ത ഇനം പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ തുടങ്ങിയവ കൃഷി ചെയ്യാൻ പരിശീലനവും പ്രോത്സാഹനവും നൽകി. സ്ത്രീകളും കൂട്ടത്തോടെ മുമ്പോട്ടു വന്നു. കർഷകരെ രാസകൃഷിയിൽ നിന്ന് ജൈവകൃഷിയിലേക്ക് മാറ്റുക എന്നത് ഒട്ടും എളുപ്പമായിരുന്നില്ല. മൊത്തം 69 കുടുംബങ്ങളുടെ ഉടമ

ളം നിർമിക്കാനുള്ള പരിശീലനവും നൽകി. തമിഴ്നാട്ടിൽ നിന്നുള്ള നമ്മാൾവാരും മഹേന്ദ്രനുമൊക്കെ ക്ലാസെടുക്കാൻ വന്നു. അല്പം വിളവു കുറഞ്ഞെങ്കിലും വലിയ പ്രശ്നമൊന്നുമില്ലാതെ കാര്യങ്ങൾ നടന്നു. ഇതിനിടെ കുട്ടികളുടെ ഒരു ഗ്രൂപ്പും രൂപവത്കരിച്ചിരുന്നു. ബാലകേദാരം ഹരിത ക്ലബ്ബ്. കർഷകർക്ക് മാതൃകയാക്കാൻ ഒരു പാടം വേണമെന്ന ആശയത്തിൽ തണൽതന്നെ ഒരു ഏക്കർ പാടത്ത് നെൽകൃഷി തുടങ്ങുകയായിരുന്നു. അതിന്റെ ചുമതല എനിക്കായിരുന്നു. അങ്ങനെയാണ് ഞാൻ കൃഷിയിലേക്ക് വരുന്നത്.

ല്ല. ഈയൊരു കാരണം കൊണ്ടാണ് പ്രധാനമായും കർഷകർ നെൽകൃഷി ഉപേക്ഷിക്കുന്നത്. പണിക്കൂലി, ട്രാക്ടർ വാടക, വളം (ചാണകമാണ് ഉപയോഗിക്കുന്നതെങ്കിലും അതിനൊരു മൂല്യം നിർണയിക്കണമല്ലോ), കർഷകന്റെ അധ്വാനം എന്നീ ഇനങ്ങളിലാണ് ചെലവ് കൂടുന്നത്.

മഴ പെയ്തില്ലെങ്കിൽ പാലക്കാട്ട് പല സ്ഥലത്തും മലമ്പുഴ ഡാമിൽ നിന്ന് വെള്ളം കിട്ടില്ല. അതിന്റെ പേരിൽ പല സ്ഥലത്തും നെൽകൃഷി നശിച്ചുപോയിട്ടുണ്ട്. മുൻപ് പാലക്കാട് ജില്ലയിൽ പാടങ്ങളുടെ കരയിൽ പലേടത്തും കുളങ്ങളുണ്ടായി ►

രുന്നു. ഡാം വന്ന് കനാൽവെള്ളം കിട്ടുമെന്നായപ്പോൾ ഈ കുളങ്ങളൊക്കെ കർഷകർ മണ്ണിട്ടു നികത്തി. റബ്ബർ കൃഷി, പാറമടകളുടെ ആധിക്യം ഇതൊക്കെ വെള്ളത്തിൻെറ അളവ് കുറച്ചു. രാസവള പ്രയോഗവും മണ്ണിൻെറ ജലാംശം വറ്റിക്കുന്നു. കൃഷിയുടെ താളം കിട്ടിക്കഴിഞ്ഞാൽ അത് വളരെ ലളിതമാണെന്ന് മനസ്സിലായി. അവിടെവെച്ചാണ് നാടൻവിത്തുകളുടെ പ്രാധാന്യം മനസ്സിലാക്കിയത്. ഇന്ത്യയിൽ രണ്ടു ലക്ഷത്തിലധികം നാടൻ നെൽവിത്തുകളുണ്ടായിരുന്നുവെന്ന് കൃഷി-പരിസ്ഥിതി ശാസ്ത്രജ്ഞനായ ഡോ. ദെബൽദേബ് പറഞ്ഞിട്ടുണ്ട്. കേരളത്തിൽ മൂവായിരത്തോളം നാടൻ നെൽവിത്തുകളുണ്ടായിരുന്നു. ഏത് നാട്ടിലെയും നാടൻ നെൽവിത്തുകൾക്ക് അവയുടെതായ പ്രത്യേകതകളുണ്ട്. മൂപ്പു കൂടിയ വിത്തുകളും മൂപ്പു കുറഞ്ഞ വിത്തുകളുമുണ്ട്. വരൾച്ചയെ അതിജീവിക്കുന്ന വിത്തുകളുണ്ട്, വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന വിത്തുകളുണ്ട്, ഉയരം കൂടിയ വിത്തുകളും കുള്ളൻ വിത്തുകളുമുണ്ട്. ഔഷധഗുണമുള്ള വിത്തുകളുണ്ട്. മണമുള്ള വിത്തുകളുണ്ട്. ഓരുവെള്ളത്തിലും തണലിലും കരയിലും വളരുന്ന വിത്തുകളുണ്ട്. ഓരോ പ്രദേശത്തിൻെറയും കാലാവസ്ഥ, ജലലഭ്യത, അവിടത്തെ മണ്ണിൻെറ അവസ്ഥ തുടങ്ങിയവയൊക്കെ അനുസരിച്ച് അവ വളരുന്നു. പാലക്കാട്ട് തവളക്കണ്ണൻ, ചിറ്റിനി, പറമ്പുവട്ടൻ തുടങ്ങിയ ഇനങ്ങളാണുണ്ടായിരുന്നത്. അത്തരം വിത്തുകൾക്ക് അവിടത്തെ വേനലിനെ അതിജീവിക്കാൻ സാധിക്കുമായിരുന്നു. ഒരു നിശ്ചിത വിളവ് എല്ലാ കാലത്തും അവയിൽനിന്ന് കിട്ടും. രാസവളങ്ങളുടെയും കീടനാശിനികളുടെയും ആവശ്യം വേണ്ടിവന്നിരുന്നില്ല. വർഷങ്ങൾ നീണ്ട അനുഭവങ്ങളിലൂടെയാണ് കർഷകർ വിവിധ പ്രത്യേകതകളുള്ള നാടൻ നെൽവിത്തുകൾ തിരഞ്ഞെടുത്തിരുന്നത്.



കാസർകോട് കുള്ളൻ നാടൻ പശു

ഇതിൻെറ ഒരു ചരിത്രം പരിശോധിച്ചാൽ, ആദ്യമായി രാസവളം പ്രയോഗിച്ചപ്പോൾ വിളവ് കൂടിയില്ല എന്നു മാത്രമല്ല, മറിഞ്ഞുവീഴുകയും ചെയ്തിട്ടുണ്ട്. ഉയരം കൂടിയ ഇനങ്ങളായിരുന്നതുകൊണ്ടാണ് അത്. അങ്ങനെയാണ് കുള്ളൻ ഇനങ്ങൾ വികസിപ്പിച്ചെടുത്തത്. IR8, ജ്യോതി, ഉമ തുടങ്ങിയ അത്യുത്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകൾ. ഇന്ന് IR8 കൃഷി ചെയ്യുന്ന വയലുകൾ ഇല്ലെന്നുതന്നെ പറയാം. എൻെറ അന്വേഷണത്തിൽ എവിടെയും ഉള്ളതായി കണ്ടിട്ടില്ല. IR8 ആദ്യകാലത്ത് നല്ല വിളവ് ലഭിച്ചിരുന്നെങ്കിലും പിന്നീട് വിളവ് കുറഞ്ഞു കുറഞ്ഞു വരുന്നുണ്ട്. ബാക്ടീരിയൻ ബ്ലൈറ്റ് എന്ന രോഗം പിടിപെട്ടതാണ് ഇതിന് പ്രധാനം കാരണം. ഇലകരിച്ചിൽ രോഗം.

ഹെക്ടറിന് അഞ്ചും ആറും ടൺ ഉത്പാദിപ്പിച്ചിരുന്ന കുള്ളൻ ഇനങ്ങൾക്കും പിന്നീട് വിളവ് കുറഞ്ഞുവന്നു. അപ്പോൾ കൂടുതൽ രാസവളവും കൂടുതൽ കീടനാശിനിയും ഉപയോഗിക്കും. പക്ഷേ, വിളവ് കുറവ്. മണ്ണിൻെറ അവസ്ഥ മോശമാകുന്നു. ഇങ്ങനെയായിരുന്നു ഇതിൻെറ ഒരു പോക്ക്. ജ്യോതി, ഉമ ഒക്കെ ഹെക്ടറിന് അഞ്ചും ആറും ടൺ വിളവ് നൽകിയിരുന്നു. ഇപ്പോൾ അവയുടെ ഉത്പാദനം മൂന്ന് ടണ്ണിലും കുറഞ്ഞു. ഐശ്വര്യ, എ.എസ്.ടി. തുടങ്ങിയവയുടെയും സ്ഥിതി ഇതുതന്നെ. എന്നാൽ വനമുള്ള വയനാടൻ പ്രദേശങ്ങളിലൊക്കെ ഇത് അത്യാവശ്യം വിളവ് തരുന്നുണ്ട്. ഇത്തരം സ്ഥലങ്ങളിൽ മുൻപ് നാടൻ വിത്ത് കൃഷി ചെയ്തപ്പോഴും നല്ല വിളവുണ്ടായിരുന്നു.

വിത്ത് വിറ്റുണ്ണരുത്, വിത്ത് കുത്തി ഉണ്ണരുത് എന്ന് നമ്മുടെ പഴമക്കാർ പറയും. പക്ഷേ, ഹരിതവിപ്ലവം വന്നതോടെ വിത്ത് സൂക്ഷിച്ചുവെക്കുന്ന പതിവ് പതുക്കെ അപ്രത്യക്ഷമായി. കാരണം കൃഷിവകുപ്പിൽനിന്ന് വിത്ത് കിട്ടുമല്ലോ. അല്ലെങ്കിൽ മറ്റ് ഏജൻസികളിൽനിന്ന് കിട്ടും. അങ്ങനെ കർഷകരിൽനിന്ന് നാടൻ വിത്തുകൾ അപ്രത്യക്ഷമാകാൻ തുടങ്ങി. ചില ആചാരങ്ങളുമായി ബന്ധപ്പെട്ട നെല്ലിൻെറ വിത്തുകളും പ്രത്യേക ഔഷധഗുണമുള്ള വിത്തുകളും ചില പ്രദേശങ്ങളുമായി ബന്ധപ്പെട്ട വിത്തുകളും ഉൾപ്പെടെ വളരെ കുറച്ചു നാടൻ വിത്തുകൾ മാത്രമാണ് അവശേഷിക്കുന്നത്. വയനാട്ടിലെ ഗന്ധകശാലയും ജീരകശാലയും നല്ല വില കിട്ടുന്നവയാണ്. അതു നിലനിൽക്കുന്നുണ്ട്. വെളിയൻ, കൊടുവെളിയൻ, പാൽവെളിയൻ, മുണ്ടകൻ, ചേറ്റുപടിയൻ, തൊണ്ടി, മരത്തൊണ്ടി തുടങ്ങി കുറേ വിത്തുകൾ ആദിവാസി വിഭാഗമായ കുറിച്യർ കൃഷി ചെയ്യുന്നുണ്ട്. അവരുടെ ആചാരങ്ങളുമായി ബന്ധമുള്ള വിത്തുകളാണ് അവയിൽ ചിലത്.

കണ്ണൂർ കൈപ്പാട് മേഖലയിൽ ഓരുവെള്ളത്തെ ചെറുത്തു വളരുന്ന ഓരുകൈമ, ഓരുത്തടിയൻ,



വടകര പശു

ഉതിര് തുടങ്ങിയ വിത്തുകളുണ്ട്. ആ പ്രദേശത്ത് ആ വിത്തുകൾ മാത്രമേ ഉണ്ടാകൂ. നല്ല പൊക്കമുള്ള ചെടികളാണ് ഇവയുടേത്. ഞവര, കുഞ്ഞുനെല്ല്, ചെന്നെല്ല് എന്നിവ ഔഷധഗുണമുള്ളവയാണ്. കുഞ്ഞുനെല്ലിൻെറ ഒരു പ്രത്യേകത, പനി വന്നാൽ നമ്മുടെ നാവിൻെറ രുചി പോകില്ലേ, അത് തിരിച്ചുപിടിക്കാൻ ഈ നെല്ല് കുത്തിയ അരിയുടെ കഞ്ഞി കുടിക്കുമായിരുന്നു. ഞവരക്കഞ്ഞി കർക്കടകമാസ ചികിത്സയ്ക്ക് ഉപയോഗിക്കാറുണ്ട്. തവളക്കണ്ണൻ നല്ല രുചിയുള്ള ഇനമാണ്. പക്ഷേ, കർഷകരുടെ അടുത്ത് ഇല്ല. എനിക്ക് തവളക്കണ്ണൻ പാലക്കാട്ടുനിന്നാണ് കിട്ടിയത്. പാലക്കാട്ട് പദ്ധതിയുടെ ഭാഗമായി ആദ്യത്തെ സീസണിൽ ഹൈബ്രിഡ് വിത്തുകളാണ് ഞങ്ങൾ ഉപയോഗിച്ചിരുന്നത്. അതിന് ശരാശരി വിളവ് മാത്രമേ കിട്ടിയുള്ളൂ. അതിനുശേഷം തണൽ തവളക്കണ്ണൻ ചെയ്യാമെന്ന് നിർദേശിച്ചു. അത് വിജയമായി.

വിത്ത് എടുത്ത് സംരക്ഷിച്ച് സൂക്ഷിച്ചുവെച്ചാൽ എപ്പോഴും വിളവു കൂടും. ആ രീതി കർഷകർ ഉപേക്ഷിച്ചു. വിത്ത് പുറമെനിന്ന് കിട്ടുന്നതാണ് കാരണം. ആ രീതി അപ്രത്യക്ഷമായതുകൊണ്ടുതന്നെ വിത്തിൻെറ ഗുണമേന്മയും നഷ്ടപ്പെട്ടു. മുണ്ടകനൊക്കെ പണ്ട്, ആറു മേനിയിൽനിന്ന് പന്ത്രണ്ടു മേനിയിലേക്ക് വിളഞ്ഞിരുന്നു. ശരിയായ രീതിയിൽ വിത്ത് സംരക്ഷിച്ച് സൂക്ഷിച്ചതായിരുന്നു കാരണം. നല്ല രീതിയിൽ സംരക്ഷിക്കപ്പെടുന്ന നാടൻ വിത്തുകൾക്ക് രോഗ കീട പ്രതിരോധ ശേഷി കൂടുതലാണ്. കാര്യമായ വളപ്രയോഗമൊന്നുമില്ലാതെതന്നെ നല്ല വിളവും ലഭിക്കുമായിരുന്നു. തവളക്കണ്ണൻ ചെയ്തപ്പോൾ ഞങ്ങൾക്ക് അത് ബോധ്യപ്പെട്ടു. ജൈവരീതിയിൽ നമുക്ക് കൃഷി ചെയ്യാൻ പറ്റുന്നത് നാടൻ വിത്തുകൾ തന്നെയാണ്.

സുഭാഷ് പലേക്കർ പറയാറുണ്ട്, നിങ്ങൾ ഒരു പ്രദേശത്ത് അത്യാവശ്യം വിളവ് ലഭിക്കുന്ന ഹൈബ്രിഡ് വിത്തും നാടൻ വിത്തും വിതയ്ക്കുക. വളവും കീടനാശിനിയും ഒന്നും ഉപയോഗിക്കേണ്ട. നനച്ചു മാത്രം കൊടുക്കുക. കൂടുതൽ വിളവ് ലഭിക്കുക നാടൻ വിത്തിനായിരിക്കും. കാരണം രാസവളം ഇട്ടാൽ മാത്രം വളരുന്ന രീതിയിലാണ് ഹൈബ്രിഡ് വിത്തുകൾ വികസിപ്പിച്ചെടുത്തിരിക്കുന്നത്. അതിൻെറ ആവശ്യവുമുണ്ടായിരുന്നു തത്പര കക്ഷികൾക്ക്. രാസവളം ചെലവാകണമല്ലോ. പരമ്പരാഗത കൃഷിയിൽനിന്ന് രാസകൃഷിയിലേക്കുള്ള മാറ്റവും അത്ര എളുപ്പമായിരുന്നില്ലെന്ന് പഴയ കൃഷി ഓഫീസർമാർ പറഞ്ഞിട്ടുണ്ട്. കർഷകരെ ഒരുപാട് നിർബന്ധിച്ചിട്ടും ആദ്യകാലത്ത് അവർ രാസവളം ഉപയോഗിക്കാൻ കൂട്ടാക്കിയിരുന്നില്ലത്രെ. രാത്രികാലങ്ങളിൽ കർഷകർ അറിയാതെ അവരുടെ കൃഷിസ്ഥലങ്ങളിൽ കൃഷി ഓഫീസർമാർ രാസവളം കൊണ്ടുപോയി ഇടുമായിരുന്നു. അതിൻെറ ഫലം കാണിച്ചുകൊടുത്താണ് കൃഷി ഓഫീസർമാർ കർഷകരെ രാസകൃഷിയിലേക്ക് ബോധവത്കരിച്ചത്. പഴയ കൃഷി ഓഫീസർമാരോട് ചോദിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഇപ്പോൾ ജൈവകൃഷിയിലേക്ക് കർഷകരെ കൊണ്ടുവരാനും ഇതേ ബുദ്ധിമുട്ടുണ്ട്. പക്ഷേ, ഇന്ന് ഏതൊരു കർഷകനോട് ചോദിച്ചാലും രാസകൃഷിയുടെ ദോഷങ്ങളെക്കുറിച്ച് മാത്രമേ പറയുകയുള്ളൂ. ഇതൊക്കെ കൃഷി ശാസ്ത്രജ്ഞരും സമ്മതിക്കും. രാസവളം മണ്ണിൻെറ ഫലപുഷ്ടി നഷ്ടപ്പെടുത്തുന്നതും കീടനാശിനി ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളും ഹൈബ്രിഡ് വിത്തുകളുടെ രുചിക്കുറവും ആർക്കും നിഷേധിക്കാനാവില്ലല്ലോ.

**ഇന്ത്യയിൽ വനം സംരക്ഷിക്കാൻ ഒരുപാട് നിയമങ്ങളുണ്ട്. പക്ഷേ, കാർഷിക ആവാസ വ്യവസ്ഥ സംരക്ഷിക്കാൻ ഒരു നിയമവുമില്ല. ഒരു സംവിധാനവുമില്ല. ആർക്കും എന്തും ചെയ്യാം. രാസവളവും കീടനാശിനിയും ഉപയോഗിക്കാം.**

നാടൻവിത്തിൻെറ വേറൊരു പ്രത്യേകതകൂടി പറയാം. നാടൻവിത്തിന് വിളവ് കുറവാണെന്നായിരുന്നു പ്രചാരണം. ഹൈബ്രിഡ് വിത്ത് കൊയ്ത് കുത്തി അരിയാക്കി എടുക്കുമ്പോൾ 65 ശതമാനമേ കിട്ടുകയുള്ളൂ. നാടൻവിത്ത് അതിലും കൂടുതൽ കിട്ടും. 71 ശതമാനംവരെ തവളക്കണ്ണൻ കിട്ടിയിട്ടുണ്ട്. അത് ഭക്ഷണമാക്കി കഴിയുമ്പോൾ രുചിയും വ്യത്യസ്തമാണ്. ഹൈബ്രിഡ് സങ്കരയിനം വിത്തിൻെറ അരി ഒരു പ്ലേറ്റ് കഴിച്ചാൽ വയറു നിറയുമെങ്കിൽ മറ്റേത് അര പ്ലെയ്റ്റ് കഴിച്ചാൽ മതി. അതിനുള്ള പോഷകഘടകങ്ങൾ അതിലുണ്ട്. ഇതൊക്കെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. 'തണൽ' ഈ രംഗത്ത് പഠനം നടത്തുന്നുണ്ട്. പകുതി വിളവു കിട്ടിയാൽപോലും മറ്റേതിൻെറ ഇരട്ടി ഗുണമുണ്ട്.

ഉയരം കൂടുന്നതുകൊണ്ട് മറിഞ്ഞു വീഴും എന്നാണ് നാടൻവിത്തുകളെ കുറിച്ചുള്ള മറ്റൊരു പ്രചാരണം. എന്നാൽ ഉയരക്കൂടുതലുള്ളതുകൊണ്ട് കള കുറയും. താഴെ വെയിൽ എത്തില്ല. താഴെ വെയിൽ എത്താത്തതുകൊണ്ടാണ് കളകൾക്ക് വളരാൻ പറ്റാത്തത്. കുള്ളൻ ഇനങ്ങൾക്കൊക്കെ അടിയിലേക്ക് വെയിൽ എത്തും. ഉയരം കൂടിയതുകൊണ്ടുതന്നെ പാതി വൈക്കോൽ പാടത്തുണ്ടാകും. അത് മണ്ണിൽ അലിഞ്ഞുചേർന്ന് മണ്ണിന് വളക്കൂറാകും. ഫുക്കുവോക്കയുടെ 'ഒറ്റ വൈക്കോൽ വിപ്ലവ'ത്തിൻെറ തിയറിതന്നെ അതാണ്. വൈക്കോൽ മുഴുവൻ കണ്ടത്തിൽ ഉപേക്ഷിക്കാനാണ് അദ്ദേഹം പറയുന്നത്. അതിലൂടെയാണ് അദ്ദേഹം നല്ല വിളവ് കൊയ്തെടുത്തത്. ഹൈബ്രിഡ് സങ്കരയിനം കുള്ളൻ നെല്ല് കൊയ്യുമ്പോൾ വൈക്കോൽക്കുറ്റി മാത്രമാണ് കണ്ടത്തിൽ ബാക്കിയാകുന്നത്. നമ്മൾ മണ്ണിന് തിരിച്ചു ഒന്നും കൊടുക്കുന്നില്ല. കൊടുക്കുന്നത് രാ ▶


GREEN BOOKS

മികച്ച ആത്മകഥയും
മികച്ച അനുഭവവും



കഥയില്ലാത്തവന്റെ കഥ

എം.എൻ.പാലൂർ, ₹ 300

"നിറുത്തട്ടെ ഞാനെൻ മഹാമോഹഭംഗസ്വരം പൊന്നുഷസ്സേ വരൂ നിന്നിൽനിന്നും കൊളുത്തട്ടെ പത്തല്ല നൂറല്ല കത്തിജ്വലിയ്ക്കുന്ന പന്തങ്ങളെൻ പിൻമുറക്കാർ."

നിറവാർന്ന വെളിച്ചമാണ് പാലൂരിന്റെ കവിതയും ജീവിതവും. ആത്മകഥയ്ക്കുമുണ്ട് ഈ പ്രകാശം. കാലുഷ്യങ്ങളില്ല, ആത്മനിന്ദകളില്ല. ജീവിതത്തെ പ്രസാദമധുരമായി മാത്രം കാണാൻ ശീലിച്ച ഒരാൾ. ഭാഷയിലെ അതിമനോഹരമായ ഒരാത്മകഥ



ദേവി നീ പറയാറുണ്ട്...

കെ.വി.മോഹൻകുമാർ, ₹135

ജീവിതത്തിന്റെ കണ്ണാടിയിൽ ചില നിമിഷങ്ങൾ അവിസ്മരണീയങ്ങളാണ്. ചിലത് വിസ്മൃതങ്ങളും. വേദനയും കണ്ണീരും സന്തോഷവും ആശ്വാസവും പുരണ്ട അവിസ്മരണീയങ്ങളായ ആ നിമിഷങ്ങളെ പുനരാവാഹിക്കുകയാണ് എഴുത്തുകാരൻ. നിസ്സംഗമായ മിതഭാഷണമാണ് ഈ കുറിപ്പുകളുടെ പൊതുഘടനയെങ്കിലും ജീവിതത്തിന്റെ എല്ലാ പച്ചപ്പുകളും ഈ അനുഭവങ്ങളുടെ അന്തർധാരയാവുന്നു.

info@greenbooksindia.com
ഗ്രീൻബുക്സ്
തൃശൂർ • പാലക്കാട് • കണ്ണൂർ
Phone: 0487 - 2422515, 2361038 0491 - 2546162, 0497-2763038
www.greenbooksindia.com



വിത്തുസംരക്ഷണയാത്ര കാണാനെത്തിയപ്പോൾ

സവളം മാത്രമാണ്. മുൻപൊക്കെ കന്നി മാസത്തിൽ തോലും തൂപ്പുമൊക്കെയിട്ട് മണ്ണ് വളക്കൂറുള്ളതാക്കുമായിരുന്നു.

NPK സിദ്ധാന്തം തന്നെ അബദ്ധമാണ്. കൃഷി വകുപ്പ് തന്നെ നെല്ലിനോ പച്ചക്കറിക്കോ 27 മൂലകങ്ങൾ വേണമെന്ന് പറയുന്നുണ്ട്. പിന്നെ എന്തുകൊണ്ട് NPK മാത്രം? പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രം നടത്തിയ പഠനത്തിൽ കണ്ടെത്തിയ കാര്യമുണ്ട്. 90:45:45 എന്ന അനുപാതത്തിലാണ് NPK. ഇതിൻെറ 20 ശതമാനം മാത്രമേ ചെടി സ്വീകരിക്കൂ. ബാക്കി എല്ലാം പാഴാകുകയാണ്. 100 കിലോ ഇട്ടാൽ 20 കിലോ മാത്രമേ ചെടി ഉപയോഗിക്കുന്നുള്ളൂ. ബാക്കി കുളങ്ങളിലും തോടുകളിലും പുഴകളിലുമൊക്കെ ഒഴുകി അനാവശ്യമായ കളകളും മറ്റും ഉണ്ടാക്കുന്നു. മണ്ണും ജലവും മലിനമാക്കുന്നു. NPK മാത്രം കൊടുത്തതുകൊണ്ട് മറ്റു മൂലകങ്ങൾ മണ്ണിൽ ഇല്ലാതെ പോയി. സൂക്ഷ്മജീവികളും ഇല്ലാതായി.

ഇപ്പോൾ കൃഷിവകുപ്പ് തിരിച്ച് മണ്ണിര കമ്പോസ്റ്റ് ഉപയോഗിക്കാൻ പറയുമ്പോൾ പലേക്കർ എന്തുകൊണ്ട് അതിനെ എതിർക്കുന്നു എന്ന് നമ്മൾ മനസ്സിലാക്കണം. വിദേശ മണ്ണിരയെ നമ്മുടെ മണ്ണിൽ നിക്ഷേപിക്കുകയാണ്. ഓസ്ട്രേലിയയിൽനിന്നും ആഫ്രിക്കയിൽനിന്നും വരുന്നവയാണ് അവ. മണ്ണ് ഇരയാക്കിയവനാണ് മണ്ണിര. വിദേശ മണ്ണിരകൾ ചവറു മാത്രമാണ് തിന്നുന്നത്. മണ്ണിനടിയിലെ സൂക്ഷ്മ മൂലകങ്ങളെ മുകളിലെത്തിക്കണമെങ്കിൽ നാടൻ മണ്ണിരകൾ തന്നെ വേണം. സൂക്ഷ്മജീവികളെ തിരിച്ചു കൊണ്ടുവരാൻ സൂക്ഷ്മജീവാണു വളങ്ങളും കൃഷി വകുപ്പ് നിർദേശിക്കുന്നു. ഇതൊക്കെ കൃഷിക്ക് ചെലവ് കൂട്ടും. മണ്ണിര കമ്പോസ്റ്റും ജൈവവളങ്ങളും ഉപയോഗിക്കുന്ന ജൈവവള കൃഷിയെയാണ് അദ്ദേഹം എതിർക്കുന്നത്. സാങ്കേതികമായി നമ്മൾ പറയുന്ന ജൈവകൃഷിയെയല്ല.

നമ്മുടെ നാട്ടിൽ പാരമ്പര്യമായുണ്ടായിരുന്ന ജൈവകൃഷി യാതൊരു തരത്തിലുള്ള വളങ്ങളോ കീടനാശിനികളോ പുറത്തുനിന്ന് വാങ്ങാത്തതായിരുന്നു. ഹരിത വിപ്ലവത്തിനു മുൻപ് നമ്മുടെ കൃഷി സീറോ ബജറ്റ് തന്നെയായിരുന്നു. കൃഷിക്കാരൻെറ വീട്ടിൽ പശുവുണ്ടായിരുന്നു. അതിൻെറ ചാണകവും മൂത്രവും അവർ ഉപയോഗിച്ചിരുന്നു. കേരള ജൈവ കർഷക സമിതിയും തണലും ഒരേ ഭൂമി ഒരേ ജീവൻ പോലെയുമുള്ള സംഘടനകളും പ്രചരിപ്പിക്കുന്നത് പ്രാദേശികമായ വിഭവങ്ങളും പ്രാദേശിക അറിവുകളും ഉപയോഗിച്ച് എങ്ങനെ സുസ്ഥിരമായ കൃഷിരീതി ഉണ്ടാക്കാം എന്നതാണ്. അതിന് ഏത് കൃഷിരീതിയും ഉപയോഗിക്കാം. പലേക്കറുടെ സീറോ ബജറ്റ്, ഫുക്കുവോക്കയുടെ ഒറ്റ വൈക്കോൽ വിപ്ലവം, ദബോൽക്കറുടെ നഴ്സറി ബഡ് മെത്തേഡ്, ബിൽ മോളിസൻെറ രീതികൾ, നമ്മാൾവാറുടെ ഇയർകൈ വ്യവസായരീതികൾ ഒക്കെ ഇതിന് പ്രചോദകമാണ്. പ്രാദേശികമായ വിഭവങ്ങൾ ഉപയോഗിച്ച് കൃഷിചെയ്യുക എന്നതാണ് രീതി.

**വിത്ത് വിറ്റുണ്ണരുത്. വിത്ത് കുത്തി ഉണ്ണരുത് എന്ന് നമ്മുടെ പഴമക്കാർ പറയും. പക്ഷേ, ഹരിതവിപ്ലവം വന്നതോടെ വിത്ത് സൂക്ഷിച്ചുവെക്കുന്ന പതിവ് പതുക്കെ അപ്രത്യക്ഷമായി. കാരണം കൃഷിവകുപ്പിൽനിന്ന് വിത്ത് കിട്ടുമല്ലോ. അല്ലെങ്കിൽ മറ്റ് ഏജൻസികളിൽനിന്ന് കിട്ടും.**

കെ.വി. ദയാൽ മുൻപേതന്നെ കൃഷിവകുപ്പിൻെറ ജൈവകൃഷിയെ വിമർശിക്കുന്നുണ്ട്. അത് കർഷകരെ പരാശ്രിതരാക്കുമെന്ന് അദ്ദേഹം പറയാറുണ്ട്. കർഷകർ രാസവളത്തിനു പകരം ജൈവവളം ഉപയോഗിക്കണമെന്നാണ് കൃഷി വകുപ്പ് പറയുന്നത്. ചാണകത്തിൽ NPK ഇല്ലെന്ന് പറഞ്ഞ് അതിലെ NPK-യുടെ അളവ് എടുത്ത് ഇത്ര ടൺ ചാണകം ഉപയോഗിക്കണമെന്ന് പറയുന്നു. ഇത്ര ടൺ മണ്ണിര കമ്പോസ്റ്റ്, ഇത്ര ടൺ പിണ്ണാക്ക് വളങ്ങൾ, ഇത്ര സൂക്ഷ്മാണുവളങ്ങൾ വാങ്ങി ഉപയോഗിക്കണമെന്ന് പറയുന്നു. അത് അനുസരിക്കുമ്പോൾ കർഷകന് ചെലവു കൂടുന്നു. ഡിവേറിയ ബാസിയാന, വെർട്ടിസിലിയം ലക്കാനി തുടങ്ങിയ ജൈവരീതിയിലുള്ള കുമിൾ കീടനാശിനികളും അവർ പ്രോത്സാഹിപ്പിക്കുന്നു. അതുകൊണ്ടാണ് ജൈവകൃഷിയിൽ ഇൻപുട്ട് കൂടുന്നു എന്ന് പലേക്കർ പറയുന്നത്. ഉത്തരേന്ത്യയിലൊക്കെ വ്യാപകമായി ഇത് നടക്കുന്നുണ്ട്. സ്യൂഡോ മോണാസ്, ട്രൈക്കോഡെർമ, അസോസ്പിറില്ലം, അസറ്റോബാക്ടർ തുടങ്ങിയ സൂക്ഷ്മാണുജീവാണുക്കൾ മണ്ണിലും ചാണകത്തിലുമൊക്കെ കാണപ്പെടുന്നവയാണ്. ഇവയുടെ സാന്നിധ്യമുള്ള സൂക്ഷ്മജീവാണു വളങ്ങൾ കർഷകന് സ്വയം ഉണ്ടാക്കാൻ പറ്റില്ല. ഈ വളങ്ങളൊക്കെ പുറമേനിന്ന് വാങ്ങാൻ അവർ നിർബന്ധിതരാകുന്നു. ഇത് വലിയൊരു മാർക്കറ്റാണ്. മണ്ണുത്തി കാർഷിക സർവകലാശാലയിലെ ബയോ കൺട്രോൾ ലാബിൽ ഇവ ഉത്പാദിപ്പിക്കുന്നുണ്ട്. മണ്ണിൽനിന്ന് ഈ സൂക്ഷ്മജീവാണുക്കളെ ശേഖരിച്ച് ലബോറട്ടറികളിൽ കൊണ്ടുപോയി ഇരട്ടിപ്പിക്കുകയാണ് ചെയ്യുന്നത്. സൂക്ഷ്മജീവാണുക്കളെ കൃത്രിമമായി മണ്ണിൽ കൊണ്ടിടുന്നതുകൊണ്ട് വലിയ ദോഷമുണ്ടാകില്ലെന്ന് തോന്നുന്നു. പക്ഷേ, ബയോ കൺട്രോൾ ലാബ് തന്നെ പറയുന്നത് ആറു മാസം കഴിഞ്ഞാൽ ഇവയുടെ ക്വാളിറ്റി നഷ്ടപ്പെടുമെന്നാണ്. അവർക്കാണെങ്കിൽ കേരളത്തിലെ മുഴുവൻ കർഷകർക്കും ആവശ്യമായ വളം നൽകാനുള്ള ശേഷിയുമില്ല. പിന്നെ സ്വകാര്യ കമ്പനികളെ ആശ്രയിക്കുകയേ കർഷകർക്ക് തരമുള്ളൂ. മണ്ണുത്തിയിൽ സ്യൂഡോ മോണാസ് വളത്തിന് 80 രൂപയാണെങ്കിൽ പുറത്ത് 250 രൂപ കൊടുക്കണം. വളം നിർമാണ കമ്പനികളെ പ്രോത്സാഹിപ്പിക്കുന്ന പരിപാടിയാണിത്. മുൻപ് രാസവളം ഉത്പാദിപ്പിച്ചിരുന്നവരൊക്കെ ഇപ്പോൾ ജൈവ വളം ഉത്പാദിപ്പിക്കുകയാണ്. ഈ വളങ്ങൾ കർഷകന് ചെലവ് വർധിപ്പിക്കുന്നു. അതുകൊണ്ടാണ് ജൈവ കർഷക സമിതിയും തണലും പലേക്കറുമൊ

ക്കെ ഈ രീതിയെ എതിർക്കുന്നത്. പ്രാദേശിക വിഭവങ്ങളും പ്രാദേശിക രീതികളുമാണ് ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്.

രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് കുത്തക കമ്പനികൾ ഹരിത വിപ്ലവകാലത്ത് നമ്മുടെ മണ്ണിലെ സൂക്ഷ്മജീവാണുക്കളെയും മണ്ണിരകളെയും നശിപ്പിച്ചു. ഇപ്പോൾ മണ്ണിര കമ്പോസ്റ്റും സൂക്ഷ്മജീവാണു വളങ്ങളുമായി കർഷകരെ പുതിയ രീതിയിൽ ചൂഷണം ചെയ്യാനാണ് കുത്തകകളുടെ ശ്രമം. ചാണകവളങ്ങൾ ഉപയോഗിച്ചാൽ സൂക്ഷ്മജീവികൾ സ്വാഭാവികമായി തിരിച്ചുവരും. ജൈവ കർഷക സമിതിയും ഒരേ ഭൂമി ഒരേ ജീവനും തണലും സൂക്ഷ്മജീവാണു വളങ്ങളെ പ്രോത്സാഹിപ്പിക്കുന്നില്ല.

ആദ്യ വിളയുടെ വൈക്കോൽ ഫുക്കുവോക്കരീതിയിൽ പാടത്ത് തിരിച്ചിടാൻ ഞങ്ങൾ നിർദേശിക്കുന്നു. നാടൻപശുവിന്റെ ചാണകം, ഗോമൂത്രം, നീറ്റാത്ത കക്ക, എല്ലുപൊടി തുടങ്ങിയവയൊക്കെ ഉപയോഗിക്കാം. നിവൃത്തിയില്ലെങ്കിൽ കടലപ്പിണ്ണാക്ക്, ആവണക്കിൻ പിണ്ണാക്ക് തുടങ്ങി പ്രാദേശികമായി കിട്ടുന്ന വളങ്ങളും ഉപയോഗിക്കാം.

വ്യക്തികളും സന്നദ്ധ സംഘടകളുമൊക്കെയാണ് കേരളത്തിൽ ഈ രീതിയിലുള്ള ജൈവകൃഷി ആരംഭിച്ചത്. കൃഷിവകുപ്പ് ഒരു തരത്തിലും അതിനെ പ്രോത്സാഹിപ്പിച്ചിരുന്നില്ല. ഇപ്പോൾ പ്രോത്സാഹിപ്പിക്കാൻ കാരണം എൻഡോസൾഫാൻ പ്രശ്നവും മറ്റും വന്നതാണ്. എന്നാലും കീടനാശിനികളും മറ്റും ഉപയോഗിച്ചാലേ ഭക്ഷ്യസുരക്ഷ സാധ്യമാകൂ എന്ന് വാദിക്കുന്ന കൃഷി ശാസ്ത്രജ്ഞരുണ്ട്. ജൈവകൃഷിയെ തകർക്കുകയാണ് ജൈവവള കൃഷിയെ പ്രോത്സാഹിപ്പിക്കുന്നവർ ചെയ്യുന്നത്.

സർക്കാർ പ്രഖ്യാപിച്ച ജൈവ കാർഷിക നയം ഞങ്ങൾ പ്രചരിപ്പിക്കുന്ന ജൈവകൃഷിയുമായി ഒത്തുപോകുന്നതാകണമെന്നില്ല. എങ്കിലും ഫാക്ടംഫോസും യൂറിയയും ഇടുന്നതിനേക്കാൾ ഭേദമാണല്ലോ മണ്ണിര കമ്പോസ്റ്റും സൂക്ഷ്മാണു വളങ്ങളും ഉപയോഗിക്കുന്നതെന്ന് ആശ്വസിക്കാം. കർഷകന് ചെലവുവരുമെങ്കിലും അത് മണ്ണിന് ദോഷം ചെയ്യുന്നില്ല. പടിപടിയായി കർഷകന് ആവശ്യമായ Inputs കർഷകർതന്നെ ഉത്പാദിപ്പിക്കുകയും അവയുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്ന അവസ്ഥയിലേക്ക് മാറാൻ നയം സഹായിക്കും. ജൈവ വൈവിധ്യം ഉറപ്പു വരുത്തുകയാണ് വേണ്ടത്. പറമ്പിൽ വാഴ നടുകയാണെങ്കിൽ വാഴ മാത്രമല്ല, വാഴയുടെ ഇടയിൽ പപ്പായ, പയർ, തണലിൽ വളരുന്ന പച്ചക്കറികൾ തുടങ്ങിയവ നടുക. ഇടവിള നടുമ്പോൾ ഇടവിളയിൽ നിന്നുള്ള വരുമാനത്തോടൊപ്പം മണ്ണിന് ആവശ്യമായ നൈട്രജൻ കിട്ടുകയും ചെയ്യും. അതിരുകളിൽ കൈതച്ചക്ക നടാം. പണ്ടൊക്കെ അങ്ങനെയായിരുന്നു. 50 സെന്റ് വയലും 50 സെന്റ് പറമ്പുമുണ്ടെങ്കിൽ മൂന്ന് കുടുംബങ്ങൾക്ക് സുഖമായി ജീവിക്കാനുള്ള ഭക്ഷണം ഉണ്ടാക്കാം. ഈ കാര്യങ്ങളൊക്കെ മുൻനിർത്തി വിവിധ ജൈവ കർഷക സമിതികളും പരിസ്ഥിതി സംഘടനകളും തണൽ പോലുള്ള സന്നദ്ധ സംഘടനകളുമൊക്കെ സർക്കാരിനോട് ആവശ്യപ്പെട്ട പ്രകാരമാണ് ജൈവ കാർഷിക നയം പ്രഖ്യാപിച്ചത്. പക്ഷേ, അത് നടപ്പിലാക്കാനുള്ള മിഷൻ ഇതുവരെ രൂപവത്കരിച്ചിട്ടില്ല. നയം നടപ്പിലായാൽ കൃഷിഭവനുകൾ മുഖേന കുറേ കാര്യങ്ങൾ ചെയ്യാൻ പറ്റും. രാസവളവും കീടനാശിനികളും ഉപേക്ഷിക്കുക എന്നതു തന്നെയാണ് നമ്മുടെ പ്രധാന ലക്ഷ്യം.

പാലക്കാട് കാർഷിക ആവാസ വ്യവസ്ഥ സംരക്ഷണ പ്രൊജക്ടിന്റെ കാലാവധി മൂന്ന് വർഷമായിരുന്നു. അതിന്റെ തുടർച്ച എന്ന നിലയിൽ അവിടെ കുട്ടികളുടെ ഒരു ക്ലബ്ബ് രൂപവത്കരിച്ചു. ബാലകേരളം ഹരിത ക്ലബ്ബ്. പ്ലസ്ടു കഴിഞ്ഞ ഒരു കുട്ടിയാണ് ഇപ്പോൾ അവിടെ തണൽ നടത്തിയിരുന്ന മൂന്നേക്കർ നെൽകൃഷി നോക്കി നടത്തുന്നത്. അഞ്ച് കുട്ടികൾ പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. ഞാൻ ഇപ്പോഴും അവിടെ സന്ദർശിക്കാറുണ്ട്. കുറേ കർഷകരിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു എന്നതാണ് ആ പ്രൊജക്ടിന്റെ വിജയം. കൃഷിവകുപ്പിന്റെ പൂർണമായ സഹകരണം ലഭിക്കാതിരുന്നത് പദ്ധതിയുടെ പ്രധാന പരിമിതിയായിരുന്നു.

പറമ്പുകൃഷിയിൽ പ്രധാനമായും വരുന്നത് തെങ്ങ്, കവുങ്ങ്, പച്ചക്കറികൾ, കിഴങ്ങു വർഗങ്ങൾ തുടങ്ങിയവയാണല്ലോ. അന്തിക്കാട്ടെ കർഷകനായ ഇയ്യുണ്ണി പന്ത്രണ്ട് വർഷമായി അദ്ദേഹത്തിന്റെ തെങ്ങുകൾക്ക് തടം തുറക്കുന്നില്ല. കള നീക്കം ചെയ്യാറില്ല. തെങ്ങിന്റെ അവശിഷ്ടങ്ങളും (ഓല, മടൽ, ചകിരി, ചിരട്ട) ആട്ടിൻകാഷ്ഠവുമൊക്കെ തെങ്ങിന്റെ ചുവട്ടിൽതന്നെ ഇട്ടു കൊടുക്കും. അതിനിടയിൽ തണലിൽ വളരുന്ന പച്ചക്കറികളും കവുങ്ങുമൊക്കെ കൃഷി ചെയ്യുന്നു. ഒരു ബഹുവിള കൃഷിത്തോട്ടം. എപ്പോഴും ഒരു പുത മണ്ണിലുണ്ടാകും. മണ്ണിൽനിന്ന് ജലാംശം വറ്റിപ്പോകില്ല. ഏകവിളത്തോട്ടങ്ങൾ ശരിക്ക് ബ്രിട്ടീഷുകാരുടെ കാലത്താണ് നമ്മുടെ നാട്ടിൽ ആരംഭിക്കുന്നത്. നമ്മുടെ കാടുകൾ മുഴുവൻ വെട്ടിത്തെളിച്ച് തേയിലത്തോട്ടങ്ങളും കാപ്പിത്തോട്ടങ്ങളുമുണ്ടാക്കി. അവർക്കു വേണ്ടത് മാത്രം ഉത്പാദിപ്പിച്ചു. ആ ഒരു സിസ്റ്റം തെങ്ങ്, റബ്ബർ, കവുങ്ങ് തുടങ്ങിയവയിലും വന്നു.

നമ്മുടെ രീതി ബഹുവിള കൃഷിയായിരുന്നു. കാസർകോട് പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലത്ത് കശുവണ്ടി മാത്രമേയുള്ളൂ. ഭൂമിയിൽ കശുമാവ് മാത്രമായാൽ കശുമാവുമായി ബന്ധപ്പെട്ട ജീവികൾക്ക് മാത്രമേ ജീവിക്കാൻ പറ്റൂ. കേരളത്തിൽ റബ്ബർ മാത്രമായാലും അതുതന്നെ സ്ഥിതി. ഏകവിളയെ നിയന്ത്രിക്കാൻ പ്രകൃതി എപ്പോഴും ശ്രമിക്കും. അതുകൊണ്ടാണ് കശുമാവിൻ തോട്ടങ്ങളിൽ തേയിലക്കൊതുക് ബാധിക്കുന്നത്. മറ്റ് മരങ്ങളോടൊപ്പം വളരുന്ന കശുമാവിനെ അത് ബാധിക്കാറില്ല. ഏകവിള കൃഷി മണ്ണിനെ നശിപ്പിക്കും. പരിസ്ഥിതിയെ തകർക്കും. സർവോപരി നമ്മുടെ ഭക്ഷ്യസുരക്ഷയ്ക്ക് ഭീഷണിയാകും. നമ്മൾ ബഹുവിള സമ്പ്രദായത്തിലേക്ക് മടങ്ങിപ്പോകണം.

മനുഷ്യന്റെ അത്യാർത്തി മൂലം നമുക്ക് നഷ്ടപ്പെട്ട പ്രധാന പ്രാദേശിക വിഭവമാണ് ►



ഇല്യാസും സംഘവും സുഭാഷ് പലേക്കർക്കൊപ്പം

നാടൻ പശുക്കളാം. കേരളത്തിൽ 11 ഇനം നാടൻ പശുക്കളാം ഉണ്ടായിരുന്നു. കാസർകോട് കുള്ളൻ, വടകര പശു, വയനാടൻ പശു, വെച്ചൂർ, പാലപ്പിള്ളി പശു അങ്ങനെ അഞ്ചോ ആറോ ഇനങ്ങളേ അവശേഷിക്കുന്നുള്ളൂ. കാസർകോടും വെച്ചൂരും ലോകത്തുതന്നെ ഏറ്റവും ഉയരം കുറഞ്ഞ പശുക്കളാണ്. കാസർകോട് കുള്ളന് ചെരിഞ്ഞ പ്രദേശത്തുകൂടെ നടക്കാൻ പറ്റും. വടകര പശുവിന് നല്ല ആയുസ്സുണ്ട്. വടകര പശു കൺസർവേഷൻ സൊസൈറ്റിയിലെ ഒരു കർഷകൻെറ കൈയിൽ 34 വയസ്സുള്ള മുത്തശ്ശിപ്പശുവുണ്ട്. അത് പതിനേഴ് പ്രസവിച്ചതാണ്. അത്രയും കാലം പാലു കിട്ടും. പക്ഷേ, പാല് കുറവാണ്. ഇവയ്യൊക്കെ വളരെ കുറച്ച് ഭക്ഷണം മതി. നമ്മുടെ നാടുമായി വളരെ ബന്ധമുള്ള പശുക്കളാണ് ഇവ. പാല് വർധിപ്പിക്കാൻ വേണ്ടി നമ്മളാം നാടൻ കാളകളെ മുഴുവൻ വന്ധീകരിച്ചു. 1962-ലെ ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെൻറ് ആക്ടു പ്രകാരം നാടൻ കാളകളെ സംരക്ഷിക്കുന്നതും നാടൻ കാളകളെ ഉപയോഗിച്ച് നാടൻ പശുക്കളെ ക്രോസ് ചെയ്യിക്കുന്നതും നിയമവിരുദ്ധമാണ്. ഈ നിയമം ഇന്നും നിലനിൽക്കുന്നു. ഈ വിഷയമൊന്നും ആരും ചർച്ച ചെയ്യുന്നില്ല. അതിൻെറ ഭാഗമായി മിക്കവാറും കാളകളെ വന്ധീകരിച്ചു. നാടൻ കാളകളെ സംരക്ഷിക്കാൻ കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെൻറ് ബോർഡിൻെറ പ്രത്യേക അനുമതി വേണം. ഈ വന്ധ്യംകരണം ഒരു ജീവിയോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയാണ്. ഒരു ജീവിയുടെ സ്വാഭാവികമായ പ്രത്യുത്പാദന പ്രക്രിയ തടസ്സപ്പെടുത്തുകയാണ് സർക്കാർ ചെയ്യുന്നത്. പശുവിൻെറ പാല് പശുവിൻെറ കുട്ടിക്കുള്ളതാണ്. പക്ഷേ, അത് കവർന്നെടുക്കാൻ വേണ്ടിയാണ് ഈ ക്രൂരത. നാടൻ പശുവിനെയും കാളയെയും ക്രോസ് ചെയ്യിച്ചാൽ കേസെടുക്കാവുന്നതാണ്. ഈ നിയമം പിൻവലിച്ചേ പറ്റൂ. എച്ച്.എഫിൻെറയും ജേഴ്സിയുടെയും ബീജം നാടൻ പശുക്കളിൽ കൃത്രിമമായി കുത്തിവെച്ച് സങ്കര ഇനങ്ങളെ ജനിപ്പിക്കുകയാണ് ചെയ്യുന്നത്. കൂടുതൽ പാല് കിട്ടാനാണ് ഇത് ചെയ്തത്. ആ കാലത്ത് പാൽ കൂടുതൽ കിട്ടിയെങ്കിലും പശുവിൻെറ ആരോഗ്യം കുറഞ്ഞു. 20 ലിറ്റർ പാല് കിട്ടുമെന്നൊക്കെ പറഞ്ഞിരുന്നു. ഇപ്പോൾ ഏഴ് ലിറ്റർ പോലും സങ്കര ഇനങ്ങൾക്ക് കിട്ടുന്നില്ല.

**മൊത്തം 27 ഞാറ്റുവേലകളുണ്ട്. ഓരോ ഞാറ്റുവേലയ്ക്കും അനുസരിച്ച് വിതയ്ക്കേണ്ട വിത്തുകളുണ്ട്. ഓരോ ഞാറ്റുവേലയ്ക്കും അനുയോജ്യമായ രീതിയിൽ വിത്തിറക്കിയാൽ കീടരോഗങ്ങൾ കുറയുകയും വിളവ് കൂടുകയും ചെയ്യും. ഞാറ്റുവേല പ്രാദേശിക കാർഷിക കലണ്ടറാണ്.**

ജൈവകൃഷി എന്നു കേൾക്കുമ്പോൾ അധികം ശ്രദ്ധ വേണ്ടാത്ത കൃഷിരീതിയാണെന്ന് കരുതരുത്. അങ്ങനെ കരുതുന്ന കർഷകരുണ്ട്. അവർ രാസകൃഷിയിൽനിന്ന് ജൈവകൃഷിയിലേക്ക് തിരിയുമ്പോൾ കാര്യങ്ങൾ കൃത്യമായി പഠിച്ചുചെയ്യാൻ ശ്രമിക്കാറില്ല. അങ്ങനെ കൃഷിചെയ്ത് പരാജയപ്പെടുന്നവർ ജൈവ കൃഷിയെ പഴി പറഞ്ഞിട്ട് കാര്യമില്ല.

കൃഷിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടത് സമയനിഷ്ഠയാണ്. കാലാവസ്ഥയുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ് കൃഷിയുടെ കാലം. അതുകൊണ്ടുതന്നെ മറ്റു ജോലികളെപ്പോലെ കൃഷിപ്പണികൾ നീട്ടിവെക്കാൻ പറ്റില്ല. അതത് കാര്യങ്ങൾ കൃത്യസമയത്ത് ചെയ്തിരിക്കണം. അല്ലെങ്കിൽ അത് വിളയെ ബാധിക്കും. നിലമൊരുക്കലും വിത്തെറിയലും വളമെറിയലും കളപറിക്കലും കീടങ്ങളെ അകറ്റലും തുടങ്ങി വിളവെടുക്കുന്നത് വരെയുള്ള കാര്യങ്ങൾ സമയ ബന്ധിതമായി തീർക്കണം. പഴയ കാലത്തെ കർഷകർ ഞാറ്റുവേലയും പക്കവും നോക്കി കാര്യങ്ങൾ ചെയ്തുതീർക്കാനുള്ള കാരണം ഇതായിരുന്നു.

കൃഷി ചെയ്യുമ്പോൾ ഞാറ്റുവേലയും പക്കവും നോക്കണം. ഒരു വർഷം ലഭിക്കുന്ന മഴയുടെ അളവിനെയും സൂര്യൻെറ ദിശയെയും കാലാവസ്ഥാ വ്യത്യാസത്തെയും വിളകളുടെ വളർച്ചയെയും ശാസ്ത്രീയമായി മനസ്സിലാക്കി നമ്മുടെ പൂർവികർ രൂപപ്പെടുത്തിയ കാർഷിക കലണ്ടറാണ് ഞാറ്റുവേല. മൊത്തം 27 ഞാറ്റുവേലകളുണ്ട്. ഓരോ ഞാറ്റുവേലയ്ക്കും അനുസരിച്ച് വിതയ്ക്കേണ്ട വിത്തുകളുണ്ട്. ഓരോ ഞാറ്റുവേലയ്ക്കും അനുയോജ്യമായ രീതിയിൽ വിത്തിറക്കിയാൽ കീടരോഗങ്ങൾ കുറയുകയും വിളവ് കൂടുകയും ചെയ്യും. ഞാറ്റുവേല പ്രാദേശിക കാർഷിക കലണ്ടറാണ്.

വളങ്ങളെക്കുറിച്ച് നമുക്ക് ഒരുപാട് തെറ്റുധാരണകളുണ്ട്. അതിനുകാരണം കുറെക്കാലമായി നാം കേൾക്കുന്ന NPK സിദ്ധാന്തമാണ്. ഏതൊരു സാധനം വളമായി ഉപയോഗിക്കാൻ പറഞ്ഞാലും അതിനകത്ത് അടങ്ങിയിരിക്കുന്ന NPKയുടെ അളവ് നമ്മൾ അന്വേഷിക്കുന്നു. നൈട്രജനും ഫോസ്ഫറസും പൊട്ടാഷും മാത്രമല്ല, ചെടികളുടെ വളർച്ചയ്ക്ക് ആവശ്യം. മറ്റ് നിരവധി മൂലകങ്ങളും ധാരാളം സൂക്ഷ്മജീവികളും അത്യാവശ്യമാണ്. NPK മാത്രം പ്രയോഗിച്ചതുവഴി മറ്റു മൂലകങ്ങളും സൂക്ഷ്മജീവികളും നഷ്ടമാകുകയും മണ്ണിൻെറ ആരോഗ്യം ക്ഷയിക്കുകയും ചെയ്തു. കാട്ടിലും നാട്ടിലും വളരുന്ന വലിയ മരങ്ങൾക്കോ തരിശുപാടത്തും പരിസരത്തുമുള്ള ചെടികൾക്കോ പുല്ലിനോ ഒന്നും ആരും NPK നൽകുന്നില്ല. എന്നിട്ടും അവ ആരോഗ്യത്തോടുകൂടി തഴച്ചു വളരുന്നു. ഏതൊരു ചെടിയെ സംബന്ധിച്ചിടത്തോളവും ഏറ്റവും നല്ല വളം അതിൻെറയും മറ്റു ചെടികളുടെയും ഇലകളും കൊമ്പും പഴത്തിൻെറ അവശിഷ്ടങ്ങളും തന്നെയാണ്. പക്ഷിമൃഗാദികളുടെ കാഷ്ഠവും മൂത്രവുമൊക്കെ എളുപ്പം മണ്ണിൽ അടിഞ്ഞു ചേരുന്നതിന് സഹായിക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല കാട്ടിലായാലും നാട്ടിലായാലും പയർവർഗത്തിൽപ്പെട്ട ധാരാ

ളും ചെടികളും മരങ്ങളുമുണ്ട്. അന്തരീക്ഷ നൈട്രജനെ മണ്ണിലേക്ക് എത്തിക്കുന്നത് ഇത്തരം സസ്യജാലങ്ങളാണ്. മരങ്ങളുടെയും ചെടികളുടെയും പക്ഷിമൃഗാദികളുടെയും ആയുസ്സ് കഴിയുന്നതോടുകൂടി അവയുടെ അവശിഷ്ടങ്ങളും തിരിച്ച് മണ്ണിൽത്തന്നെ ലയിച്ചുചേരുന്നു. അതുവഴി കാത്സ്യവും മഗ്നീഷ്യവും സൾഫറും കോടാനുകോടി സൂക്ഷ്മ ജീവികളും മണ്ണിലേക്ക് എത്തുന്നു.

പ്രകൃതിയിൽ മണ്ണിനടിയിലെ സൂക്ഷ്മമൂലകങ്ങളെ മുകളിലേക്ക് എത്തിക്കുന്നതിനും മണ്ണിൽ വായുസഞ്ചാരം നിലനിർത്തുന്നതിനും സദാസമയം പ്രവർത്തിക്കുന്ന മണ്ണിരകളും ചിതലുകളും മറ്റു ചെറിയ ജീവിവർഗങ്ങളുമെല്ലാം ധാരാളമുണ്ട്. കർഷകന്റെ കലപ്പ എന്നു വിശേഷിപ്പിക്കപ്പെടുന്ന വിവിധതരത്തിലുള്ള നാടൻ മണ്ണിരകൾ നമ്മുടെ പാടത്തും പറമ്പിലുമെല്ലാം സുലഭമായി വസിക്കുന്നുണ്ട്. മണ്ണിരകൾ മണ്ണിൽ അവശേഷിപ്പിക്കുന്ന കുരുപ്പ സൂക്ഷ്മ ജീവികളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും കലവറയാണ്.

നെല്ല് ഏകവിള കൃഷിയാണ്. നെൽകൃഷിയുടെ അവശിഷ്ടമായ വൈക്കോൽ പശുവിന്റെ ഭക്ഷണത്തിനും പുര മേയുന്നതിനും മറ്റും നമ്മൾ അറുത്തു മുറിച്ച് കൊണ്ടുപോകുന്നു. അതുകൊണ്ട് രണ്ടും മൂന്നും തവണ കൃഷി ചെയ്യുന്ന നിലങ്ങൾക്ക് യാതൊരു തരത്തിലുള്ള ജൈവാംശവും മണ്ണിൽ തിരിച്ചെത്തുന്നില്ല. അതുകൊണ്ടാണ് ഓരോ പ്രാവശ്യവും കൂടുതൽ വളങ്ങൾ പുറമേനിന്ന് കൊണ്ടുവന്ന് മണ്ണിൽ നിക്ഷേപിക്കേണ്ടി വരുന്നത്. പണ്ടാണെങ്കിൽ പാടത്തിനടുത്ത് വല്ല കാടോ കാവോ കാണാമായിരുന്നു. ഓരോ മഴയ്ക്കും അതിനുള്ളിൽ നിന്ന് ഒഴുകിവരുന്ന എക്കൽ, മണ്ണിനെ വളക്കൂറുള്ളതാക്കി മാറ്റുമായിരുന്നു. എന്നാൽ ഇന്ന് കാടുകളും കാവുകളുമെല്ലാം കുറഞ്ഞിരിക്കുന്നു. നമ്മുടെ പറമ്പുകളിൽ മരങ്ങൾ വെച്ചുപിടിപ്പിച്ച് മണ്ണിൽ ജൈവാംശം തിരിച്ച് കൊണ്ടുവന്നാൽ മാത്രമേ ജൈവകൃഷി സമ്പൂർണ വിജയമാകൂ. ബേഡഡുക്കയിലെ മാതൃകാ കൃഷിത്തോട്ടത്തിൽ ഞങ്ങൾ ഇതെല്ലാം ചെയ്യുന്നുണ്ട്.

**ജൈവകൃഷി എന്നു കേൾക്കുമ്പോൾ അധികം ശ്രദ്ധ വേണ്ടാത്ത കൃഷിരീതിയാണെന്ന് കരുതുന്ന കർഷകരുണ്ട്. അവർ ജൈവകൃഷിയിലേക്ക് തിരിയുമ്പോൾ കൃത്യമായി പഠിച്ചുചെയ്യാൻ ശ്രമിക്കാറില്ല. അങ്ങനെ പരാജയപ്പെടുന്നവർ ജൈവ കൃഷിയെ പഴി പറഞ്ഞിട്ട് കാര്യമില്ല.**

കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി കേരളത്തിൽ ജൈവ കൃഷി പല തടസ്സങ്ങളും അതിജീവിച്ചു മുന്നേറുകയാണ്. പഞ്ചായത്തുകളും സന്നദ്ധ സംഘടനകളും സ്കൂളുകൾ പോലും ഈ രംഗത്ത് വരുന്നുണ്ട്. പക്ഷേ, മികച്ച ഗുണനിലവാരമുള്ള ജൈവവളങ്ങളുടെയും ഗുണനിലവാരമുള്ള വിത്തുകളുടെയും ദൗർലഭ്യമാണ് ജൈവ കർഷകർ നേരിടുന്ന പ്രധാന പ്രതിസന്ധി. നെല്ലിനും പച്ചക്കറികൾക്കും മറ്റു വിളകൾക്കും നാടൻ വിത്തുകൾ ലഭിക്കാൻ കർഷകർ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായാണ് തണലിന്റെ നേതൃത്വത്തിൽ വിത്തുസംരക്ഷണ യാത്ര (seed caravan) സംഘടിപ്പിച്ചത്. പത്തംഗ ജാഥാ സംഘത്തിന്റെ ക്യാപ്റ്റനായിരുന്നു ഞാൻ. Save our rice എന്ന പേരിൽ തണൽ നേരത്തെ ആരംഭിച്ച കാമ്പയിന്റെ ബാനറിലായിരുന്നു ഇത്. നബാർഡും സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷനും തൃശ്ശൂർ ജില്ലാ പഞ്ചായത്തും നെല്ലുസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന ക്രിയേറ്റും വിത്തുസംരക്ഷണ യാത്രയ്ക്ക് പിന്തുണ നൽകിയിരുന്നു.■

Young Farmer Illias KP and his Friends sharing their experience on agriculture in Mathrubhoomi Magazine

Published on *Down To Earth* (http://www.downtoearth.org.in) 15 December 2012

# Keeper of grains

Author(s): Jyotika Sood ,An ecologist has been guarding seeds of more than 750 rare rice varieties for over a decade



germplasms of rice (Photo: Jyotika Sood)

Lit by a kerosene lamp, the two-room hut just outside a sleepy hamlet in Odisha's Rayagada district can easily pass off as any other farmer's house in this tribal region. Step inside it, and one is taken aback by the hundreds of earthen pots labelled with coded stickers stacked in a corner as well as under the bed. These pots treasure over 750 varieties of rice grains, some on the verge of extinction. Keeper of the seed bank, Debal Deb, has been collecting and conserving these rare native varieties for over 16 years. [1] His only help are the farmers who still depend on heirloom seeds.

Adjacent to the hut is a field where Deb grows these varieties to conserve their germplasm. But this is no easy task. Barely half a hectare means Deb gets 4 sq m for each variety where he can plant only 64 paddy hills. This is just above the minimum viable size of about 50 hills required to maintain the genetic resource of a crop. Then there is the problem of maintaining the genetic purity of landraces grown next to each other. Internationally recommended isolation distance is at least 110 m, which is impossible to follow on such a small farm. But Deb has managed to overcome this constraint by planting each variety surrounded by the ones with different flowering dates (see 'Treasure and the tricks'). After harvesting and threshing, Deb saves some in his earthen pots and distributes the rest among farmers to promote their use and make people aware of their advantages. Deb's conservation strategy was published in Current Science. It has only been a year since this ecologist-turned-agriculturalist moved to Odisha with his seed bank Vrihi. Before that, for over a decade, he travelled across eastern India, collecting seeds of unique and important indigenous rice varieties from farmers. He set up Vrihi in 1997. Then, Deb had about 200 rice varieties. Vrihi was the first non-governmental seed bank in West Bengal. Gradually, Deb felt the need for their conservation and distribution. In 2002, he set up a small farm of 0.7 ha in Bankura district where he would regularly grow the varieties. But consecutive droughts

in 2009 and 2010 led to a loss of some of the varieties. Deb started seeking a place with assured irrigation facility. This is when Debjeet Sarangi of Living Farms, a non-profit that works on sustainable agriculture in Odisha, came to his rescue and helped him secure the plot in Rayagadha for a lease of Rs 4,000 a year.

"I was influenced by Debal's articles. The more I tried to find out about him, the more astounded I was. He has done doctorate in community ecology from Calcutta University and post-doctoral research in ecological economics and marine and estuarine resources from University of California, Berkeley in the US, and Indian Institute of Science in Bengaluru. I used to wonder what a man of his calibre was doing in inaccessible areas," says Sarangi. His curiosity ended in 2005 when he heard that Deb was visiting some villages near Bhubaneswar. "I was in West Bengal then for a training in sustainable agriculture. But I skipped it and took the first train to Bhubaneswar to meet him. He spoke the language of farmers. There was no lab science in his speech but pure agriculture ecology. That day I realised why he left his well-paid job at WWF in 1996 to work on a subject which is away from the luxurious lifestyle."

Driven by pure passion for sustainable agriculture, Deb has also collected several indigenous varieties of pearl millet, brinjal, sesame, bottle gourd and legumes. "These heirloom seeds are our best bet against environmental vagaries—late monsoon, scanty rainfall, flooding, soil salinity and attacks of pests and pathogens," says Deb. India has rice landraces perfectly adapted to each of these conditions. Despite 60 years of research into genetics of rice, scientists have not yet been able to create a variety that can yield sufficiently in marginal environmental conditions, he adds.

Deb's argument is based on his field experiences. In May 2009, super cyclone Aila swept the Sunderbans and salinised thousands of hectares overnight. A handful of traditional farmers sowed three salt-tolerant rice varieties. Deb distributed three more salt-tolerant varieties to a dozen farmers in the island. They were the only ones to reap some rice the following winter. This year, with delayed monsoon, rice seedlings in many parts of eastern India perished in seedbeds. But farmers who adapted sturdy landraces did not have to worry much. "They are more resilient than any modern variety," says Deb.

But what about farmers' profit? After all, modern varieties and hybrids are high-yielding. "No profit from any enterprise is sustainable in any economic system," Deb replies. "If the goal is to quickly maximise profit, rapid resource depletion is inevitable, and we should not complain about pollution and health hazards and the climate change."

Deb's wisdom comes from his daily interactions with farmers, who, he says, are better observers of farm ecosystems than most agriculture experts. This is because specialists are trained to look into a specific aspect of nature, while generalists are capable of linking different aspects of the complex ecosystem, he adds. Deb confesses that the reason he relies on local farmers for all his on-farm conservation and research is that he has no financial means to employ well-trained science graduates or researchers. "Moreover, how can I be sure that a researcher working on my farm will not hand over a rare germplasm to an agro-biotech company for whatever amount of money?" Deb believes that regardless of any institutional or governmental support, his legacy will live on with the support of his farmer friends.

**Interview:** Treasure and the tricks [1]





എസ്. ഉഷ

# സ്ത്രീകൾ മണ്ണിന്റേയും വിത്തിന്റേയും സംരക്ഷകർ

**ഇക്കഴിഞ്ഞ** ദിവസം ഒരു പഞ്ചായത്തിൽ ചെന്നപ്പോൾ കുറേ സ്ത്രീകൾ കൂട്ടം ചേർന്ന് പാടവരമ്പത്തെ പുല്ലെല്ലാം ചെത്തിക്കൂട്ടുന്നത് കണ്ടു. ഞാനൊരു കൂട്ടുകാരിയെ കാണാൻ പോയതാണ്. അവളുടെ വീടിനു മുമ്പിലാണ് ഈ കാഴ്ച. ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു, ഈ തൊഴിലുറപ്പുകാർ കാരണം ഒരു മരുന്നുചെടിപോലും കിട്ടാനില്ലാതായിയെന്ന്. പിന്നീട് ഈ പഞ്ചായത്തിൽ തന്നെ സ്ത്രീകൾ നടത്തുന്ന ഒരു സ്ഥാപനത്തിൽ ചെന്നപ്പോൾ അവർ പറഞ്ഞു: 'ഈ തൊഴിലിരിപ്പ്' പദ്ധതി കാരണം ഞങ്ങളുടെ സെന്റർ മുന്നോട്ട് കൊണ്ടുപോകാൻ പറ്റാതായിരിക്കുകയാണെന്ന്. ഒരു മുള്ളുപോലും ഈ സ്ത്രീകൾ നടാതായി എന്ന്.

കുറേ നാളുകളായി എവിടെച്ചെന്നാലും നിരന്തരം കേൾക്കുന്ന, ചിലർ തമാശയായും മറ്റു ചിലർ ഗൗരവത്തോടെയും പുച്ഛത്തോടെയും ഒക്കെപ്പറയുന്ന ഒരുകാര്യമാണിത്. ഇതൊരു സർക്കാർജോലിയാണെന്നും അതിനാൽ ഭാവിയിൽ പെൻഷൻ കിട്ടുമെന്നും ഒക്കെ കരുതി വീട്ടിൽ വെറുതെയിരുന്ന സ്ത്രീകൾ വരെ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ടെന്നും പലരും പറയാറുണ്ട്. എനിക്ക് വ്യക്തിപരമായും ചില അനുഭവങ്ങളുണ്ട്. പാലക്കാട് ജില്ലയിലെ ഒരു പഞ്ചായത്തിൽ കളനാശിനി അടിക്കുന്ന കർഷകരോട് അതിന്റെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കവെ അവർ പറഞ്ഞത്, കളപറിച്ചുകൊണ്ടിരുന്ന സ്ത്രീകളെല്ലാം റോഡുവക്കിലെ കളപറിച്ചുകൊണ്ടിരിക്കയാണെന്നും അതിനാൽ കളനാശിനിയെ ആശ്രയിക്കുകയേ അവർക്ക് വഴിയുള്ളൂ എന്നുമാണ്. ചെറിയൊരു ഇടറോഡിന്റെ ഇരുവശത്തുമായി കൂട്ടംകൂടി നിന്ന് സ്ത്രീകൾ പുല്ലുപറിക്കുന്നതും ഇപ്പുറത്ത് വയലിൽ കളനാശിനി തളിച്ച് കളയെ നശിപ്പിക്കുന്നതുമായ കാഴ്ച ഒരുപാട് ചോദ്യങ്ങൾ അന്ന് മനസ്സിലുയർത്തിയിരുന്നു. എങ്ങനെയാണ് ഒരു രാജ്യത്തിന്റെ നയങ്ങൾ, അതു കാർഷികനയമായാലും വിത്തുനയമായാലും ജല

കുറേ നാളുകളായി എവിടെച്ചെന്നാലും നിരന്തരം കേൾക്കുന്ന, ചിലർ തമാശയായും മറ്റു ചിലർ ഗൗരവത്തോടെയും പുച്ഛത്തോടെയും ഒക്കെപ്പറയുന്ന ഒരു കാര്യമാണിത്. ഇതൊരു സർക്കാർ ജോലിയാണെന്നും അതിനാൽ ഭാവിയിൽ പെൻഷൻ കിട്ടുമെന്നും ഒക്കെ കരുതി വീട്ടിൽ വെറുതെയിരുന്ന സ്ത്രീകൾ വരെ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ടെന്നും പലരും പറയാറുണ്ട്.

നയമായാലും ഭക്ഷണനയമായാലും സ്ത്രീകളെ തങ്ങളുടെ ഇടങ്ങളിൽ നിന്നും പ്രകൃതിയിൽ നിന്നും അന്യവത്ക്കരിക്കുന്നത്? പരിസ്ഥിതിപരിപാലനത്തിൽ നിന്ന്, വിത്തുസംരക്ഷണപ്രവർത്തനങ്ങളിൽ നിന്ന്, ഭക്ഷ്യോത്പാദനപ്രക്രിയയിൽ നിന്ന് സ്ത്രീകൾ എങ്ങനെ പുറത്താക്കപ്പെട്ടു?

കൃഷി തുടങ്ങിയതുതന്നെ സ്ത്രീകളാണെന്ന് ചരിത്രം പറയുന്നു. വിത്തുകൾ നടാനും മുളച്ചുവരുന്ന തൈകളെ പരിപാലിക്കാനും സ്ത്രീകൾ നേടിയ വൈദഗ്ദ്ധ്യമാണ് മനുഷ്യന്റെ കാർഷികസംസ്കാരത്തിന് അടിത്തറ പാകിയത്. കാർഷികവികാസത്തോടെ ഉണ്ടായ സമൂഹവത്ക്കരണപ്രക്രിയയിൽ കുടുംബങ്ങളുടെ നിലനിൽപ്പിൽ സ്ത്രീകളുടെ അറിവിന് ഏറെ പ്രാധാന്യമുണ്ടായിരുന്നു. ഒരു വീടിന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വിറക്, വെള്ളം, ആരോഗ്യം എന്നിവ മുടങ്ങാതെ ലഭ്യമാക്കുന്നതിൽ സ്ത്രീകൾ കാണിച്ച ശുഷ്കാന്തി പ്രകൃതിയെക്കുറിച്ച്, പരിസ്ഥിതി വ്യവസ്ഥകളെക്കുറിച്ച് ഒക്കെ മനസ്സിലാക്കാനും അവയെ ചൂഷണം ചെയ്യാതെ തങ്ങളുടെ ആവശ്യത്തിനെടുത്തുപയോഗിക്കാനും ഉള്ള വൈദഗ്ദ്ധ്യം വളർത്താൻ സ്ത്രീകൾക്ക് സഹായകമായി. സസ്യങ്ങൾ, മൃഗങ്ങൾ, മണ്ണ്, വെള്ളം എന്നിവയുടെ പരിപാലനത്തിലൂടെ പ്രകൃതിധർമ്മങ്ങളെ അനുസരിക്കുന്ന, ജൈവവൈവിധ്യത്തെ പുനഃസൃഷ്ടിക്കുന്ന കൃഷിയിടങ്ങൾ സ്ത്രീകളുടെ നേതൃത്വത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപംകൊണ്ടു. എന്നാൽ ഈ അവസ്ഥയ്ക്ക് കാതലായ മാറ്റമുണ്ടായത് കഴിഞ്ഞ അമ്പത്-നൂറ് വർഷങ്ങൾക്കുള്ളിലാണ്. ഇതിനൊരു പ്രധാനകാരണം മിശ്രവിള സമഗ്രകൃഷിയിൽ നിന്ന് ഏകവിളകൃഷിയിലേക്കുള്ള ചുവടുമാറ്റമാണ്. നിലനില്പിനുള്ള, ഭക്ഷ്യസംരക്ഷക്കുള്ള ഒരു ഉപാധി എന്ന രീതിയിൽ നിന്ന് കൃഷി, വ്യവസായങ്ങൾക്കുള്ള അസംസ്കൃതവസ്തുക്കൾ ഉണ്ടാക്കുന്ന ഒരു പ്രവർത്തിയായി മാറിയത് ഇക്കാലത്താണ്. പ്രകൃതിസമ്പത്തിനെ ചൂഷണം ചെയ്തുകൊണ്ടുള്ള ഈ കാർഷിക വികസനത്തിനിടയിൽ മാർക്കറ്റ് വ്യവസ്ഥകൾ കൃഷിയെ നിയന്ത്രിക്കാൻ തുടങ്ങുകയും കൃഷിയിൽ സ്ത്രീകളുടെ നേതൃത്വം കുറയാൻ ആരംഭിക്കുകയും ചെയ്തു.

രണ്ടാംലോകമഹായുദ്ധത്തിനുശേഷം ലോകം കണ്ടത് കാർഷികഘടനയുടെ മൊത്തം മാറ്റമായിരുന്നു. ഭക്ഷ്യോത്പാദനത്തെ നിയന്ത്രിക്കാൻ വൻകിട രാസക്കമ്പനികൾ മുന്നിട്ടിറങ്ങിയത് ഇക്കാലത്താണ്. യുദ്ധവും വ്യവസായവത്ക്കരണവും സൃഷ്ടിച്ച ദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ സർക്കാറുകളും അവരെ ഉപദേശിക്കുന്ന സാമ്പത്തികവിദഗ്ദ്ധരും ശാസ്ത്രജ്ഞരും തിരഞ്ഞെടുത്തത് രാസക്കമ്പനികളെയാണ്. രാ

ക്കുകയും ഇത്തരം കൃഷികളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം കുറയുകയും ഉള്ളവരുടെ പങ്ക് തന്നെ ഒരു കർഷികത്തൊഴിലാളി എന്ന നിലയിലേക്ക് താഴുകയും ചെയ്തു.

രാസക്കമ്പനികളെപ്പോലെ തന്നെ സ്ത്രീകളെ കൃഷിയിടത്തിൽ നിന്നും അന്യവത്ക്കരിച്ച ഒരു നയമാണ് അത്യുത്പാദനശേഷിയുള്ള വിത്തുകൾ വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. നാടൻ വിത്തുകൾക്ക് പകരം സങ്കരയിനം വിത്തുകളുത്പാദിപ്പിക്കുകയാണ് വേണ്ടതെന്നും അതിലൂടെ മാത്രമേ ഇന്ത്യക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കഴിയൂ എന്നും കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ ഇ



സവസ്തുക്കളുടെ ഉപയോഗം അറുപതുകളിൽ ആരംഭിച്ചു. ആടുമാടുകളെ വളർത്തി, അവയുടെ ചാണകവും പച്ചിലകളും ചേർത്ത് വളമുണ്ടാക്കി. മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തിയിരുന്നതിൽ വലിയൊരു പങ്ക് വഹിച്ചിരുന്നു സ്ത്രീകൾ. രാസവളത്തിന്റെ വരവോടെ ജൈവവളത്തിന്റെ ഉപയോഗം കാലക്രമേണ കുറയുകയും മണ്ണ്പരിപാലനത്തിൽ സ്ത്രീകൾക്ക് സ്ഥാനമില്ലാതാവുകയും ചെയ്തു. രാസക്കമ്പനികളും അവരുടെ ഏജൻസികളും എത്തിപ്പെടാത്ത, വളരെ ദാരിദ്ര്യത്തിൽ കഴിയുന്ന സ്ഥലങ്ങളിൽ ഇപ്പോഴും മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുന്നത് സ്ത്രീകളാണ്. കേരളത്തിൽ വളരെ ഗുരുതരമായ രീതിയിൽ തന്നെ ഈ മാറ്റം ഉണ്ടായി. നാണ്യവിള കൃഷിയും ഹരിതവിപ്ലവവും മണ്ണിന്റെ നൈസർഗികതയും ഫലപുഷ്ടിയും കുറ

തിന്റെ പ്രത്യാഘാതമുണ്ടായതും വിത്തുസംരക്ഷക എന്ന സ്ത്രീയുടെ പദവിക്കാണ്. പലതരം രീതികളിലൂടെ ഗുണമേന്മയുള്ള വിത്തുകൾ തിരഞ്ഞെടുക്കുകയും കേടുകൂടാതെ അടുത്ത കൃഷിയിറക്കുംവരെ അവ സൂക്ഷിച്ചുവെക്കുകയും ചെയ്തിരുന്നത് അന്നുവരെ സ്ത്രീകളായിരുന്നു. നമ്മുടെ അമ്മൂമ്മമാരുടെ തലമുറയിൽപ്പെട്ട സ്ത്രീകളിൽ പലരോടും ചോദിക്കുമ്പോൾ എന്തൊക്കെയാണവർ ചെയ്തിരുന്നതെന്ന് പറയാറുണ്ട്. ഭയങ്കര ആവേശത്തോടെയാണവർ വിത്തുകളെക്കുറിച്ച് പറയുക. വയനാട്ടിലെ ഒരു മുത്തശ്ശി ഒരിക്കൽ ഐആർ-എട്ട് എന്ന നെൽവിത്ത് വന്നതിനെക്കുറിച്ച് പറയുകയുണ്ടായി. "ഏലകോഫീസിൽ നിന്നാണ് ആ വിത്ത് കിട്ടിയത്. നല്ല വിളവും കിട്ടി. പക്ഷേ, അത് തിന്നാൻ പറ്റില്ല." എന്നാൽ തങ്ങളുടെ കൃഷിയിടങ്ങ

ളെ പുതിയ വിത്തുകൾ കയ്യടക്കുന്നത് നോക്കിനിൽക്കാനേ അവർക്കായുള്ളൂ. അതായിരുന്നു സർക്കാർ നയം. ഇന്നും തുടരുന്ന നയം.

സ്ത്രീകൾ നിയന്ത്രിച്ചിരുന്ന ഭക്ഷണക്രമത്തിനുമേലാണ് മറ്റൊരു പ്രത്യാഘാതമുണ്ടായത്. ഈ മാറ്റം അതിരൂക്ഷമായ ആരോഗ്യത്തകരാറുകളിലേക്കാണ് ഇന്ന് സമൂഹത്തെ എത്തിച്ചിട്ടുള്ളത്. പുരയിടകൃഷിയിൽ നിന്ന് റബ്ബറിലേക്കുള്ള മാറ്റമാണ് കേരളത്തിൽ ഇത്തരത്തിൽ വലിയൊരുമാറ്റമുണ്ടാക്കിയത്. പുരയിടകൃഷിയിലെ ഭക്ഷണവൈവിധ്യം, അവയുടെ ഉല്പാദനക്ഷമത എന്നിവ ഏറെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും വിധേയമായിട്ടുള്ളതാണ്. കോട്ടയം ജില്ലയിലെ ഒരു വീട്ടമ്മ വളരെ സങ്കടത്തോടെ അവരുടെ അനുഭവം വിവരിച്ചത് ഞാനിപ്പോഴും ഓർക്കുന്നു. "റബ്ബർ വന്നപ്പോൾ കുറേ കാശുണ്ടായി, പക്ഷെ എന്റെ അടുക്കള ദരിദ്രമായി. ഇന്നു ഞങ്ങൾക്ക് തേങ്ങവരെ പണം കൊടുത്തു വാങ്ങണം. മുമ്പ് ഞാൻ ഉപ്പും ജീരകവും മാത്രമേ കടയിൽ നിന്നു വാങ്ങിയിരുന്നുള്ളൂ. എന്നും ഭർത്താവിനോട് കൈനീട്ടുന്നതെങ്ങിനെ? അതുകൊണ്ട് കുറച്ചു സാധനങ്ങൾ വാങ്ങി ഞാൻ കറികളൊക്കെ അഡ്ജസ്റ്റ് ചെയ്യും." ഇതു പല സ്ത്രീകളുടേയും അനുഭവമായിരിക്കുമെന്ന് ഞാൻ കരുതുന്നു. വീട്ടമ്മമാരുടെ നിസ്സഹായത അവരിൽ എനിക്ക് കാണാൻ കഴിഞ്ഞു. വയനാട്ടിൽ ഒരിടത്ത് വാഴത്തോട്ടമായി മാറിയ നെൽപ്പാടത്തിനരികെയിരിക്കുന്ന രണ്ട് ആദിവാസി സ്ത്രീകളും ഇതുതന്നെ പറഞ്ഞു. നെൽകൃഷി മാറിയപ്പോൾ അവരുടെ തൊഴിൽ മാത്രമല്ല നഷ്ടപ്പെട്ടത്, ഭക്ഷണവൈവിദ്ധ്യം കൂടിയാണ്. ഈ മാറ്റത്തിന് കർഷകരെ പ്രേരിപ്പിച്ചത് പരാധീനതകളായിരിക്കാം. എന്നാൽ അടുക്കളയിലെ ദാരിദ്ര്യം കൂട്ടാനെ ഇത് ഉപകരിച്ചുള്ളൂ. അതിന് പഴി കേൾക്കുന്നതും സ്ത്രീകളാണല്ലോ. സ്ത്രീകളുടെ ഭക്ഷ്യപരമാധികാരം നഷ്ടപ്പെട്ടതിന്റെ ചില ചിത്രങ്ങളാണിവ. ഇത്തരം ചെറിയ സംഭവങ്ങൾ, ചെറിയഗ്രാമങ്ങളിലെ മാറ്റങ്ങൾ ദേശീയതലത്തിലെ വലിയ മാറ്റത്തിന് ഇടയാക്കിയതാണ് നമ്മുടെ കാർഷിക ചരിത്രം.

ഇന്ന് കാർഷികമേഖലയിലേക്ക് നോക്കിയാൽ സ്ത്രീകളുടെ സ്ഥാനമെന്താണ്? പ്രധാനമായും സ്ത്രീകൾ തൊഴിലാളികളാണ്. അവരുടെ തീരുമാനങ്ങൾക്ക് യാതൊരു വിലയുമില്ല. മാർക്കറ്റും സർക്കാർ സംവിധാനങ്ങളും തീരുമാനിക്കുന്ന തരത്തിൽ പുരുഷന്മാർ കൃഷി നടത്തുകയും അതിൽ തൊഴിലാളിയായി ജീവിതം ജീവിച്ചു തീർക്കുകയുമാണ് സ്ത്രീകൾ. ചെറുപ്പക്കാരായ സ്ത്രീകൾക്ക് കൃഷിയിലും പ്രകൃതിപരിപാലനത്തിലും അവരുടെ പങ്കെന്താണെന്ന് കൃത്യമായി മനസ്സിലാക്കാനോ അതിനുവേണ്ടി വാദിക്കാനോ കഴിയുന്നുമില്ല. അതുകൊണ്ടാണ് ഇന്നത്തെ തൊഴിലുറപ്പു പദ്ധതിയുടെ ഇരകളായി അവർ മാറിയിരിക്കുന്നത്.

ഇതിനിടയിൽ ചെറിയതെങ്കിലും വലിയ മാനമുള്ള ഒരു മാറ്റമുണ്ടായത് ജൈവ-പ്രകൃതികൃഷിയുടെ വളർച്ചയും സ്ത്രീ സ്വയം സഹായസംഘങ്ങളുടെ വികാസവുമാണ്. ജൈവകൃഷി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം നോക്കിയാൽ ഒരു കാര്യം വ്യക്തമാകും. അതിനുപുറകിൽ സ്ത്രീസാന്നിദ്ധ്യമുണ്ട്. അവരുടെ ശക്തിയും അറിവും വിശ്വാസവും കൂട്ടായ്മയും ഉണ്ട്. പല സ്ഥലത്തും ആണുങ്ങൾ മടിച്ചു നിന്നിടത്ത് സ്ത്രീകളാണ് രാസകീടനാശിനികളെയും രാസവളങ്ങളെയും ഉപേക്ഷിച്ച് പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള കൃഷിയിലേക്ക് വന്നത്. അവർക്ക് കിട്ടിയ അനുഭവങ്ങളാണ് ജൈവകൃഷിയിലേക്ക് മാറാൻ ആണുങ്ങൾക്ക് ധൈര്യം കൊടുത്തത്. "ഏയ് അതൊന്നും നടക്കില്ല. കീടനാശിനിയില്ലാതെ ഉല്പാദനമുണ്ടാവില്ല" എന്ന് പറഞ്ഞ് ആണുങ്ങൾ പിന്തിരിഞ്ഞു നിന്നപ്പോൾ സ്ത്രീകൾ മുന്നിട്ടിറങ്ങുകയും ഉല്പാദനത്തിന് ഒട്ടനവധി വഴികൾ ഉണ്ടെന്ന് കാണിച്ചുകൊടുക്കുകയും ചെയ്തു. ആന്ധ്രാപ്രദേശിലെ മേഡക്ക് ജില്ലയിലെ പാസ്താപൂർ ഇന്നറിയപ്പെടുന്നത് സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന ജൈവവിപ്ലവത്താലാണ്. നാനൂറ് മില്ലിമീറ്റർ മാത്രം മഴ ലഭിക്കുന്ന വരണ്ട ഈ ഭൂപ്രദേശത്തെ ജൈവവൈവിദ്ധ്യം തിരിച്ചുകൊണ്ടുവരാനും അവരുടെ പരമ്പരാഗത വിത്തുകളും കാർഷികരീതികളും ഭക്ഷണക്രമവുമെല്ലാം പുനർനിർമ്മിക്കാനും ഈ സ്ത്രീകൾ കാണിച്ച ആത്മാർത്ഥതയും സത്യസന്ധതയും നമ്മുടെ രാജ്യത്തിനു മാത്രമല്ല ലോകത്തെ തന്നെ ഭക്ഷ്യസുരക്ഷക്ക് ഒരു മാർഗ്ഗരേഖ സൃഷ്ടിക്കാൻ ഇടയാക്കി. ഇതുമാത്രമല്ല, മഹാരാഷ്ട്രയിലെ ഔറംഗബാദ് ജില്ലയിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കുന്ന ജൈവകൃഷിയും ജൈവചന്തകളും ആയിരക്കണക്കിന് കുടുംബങ്ങൾക്കാണ് സുരക്ഷിതമായ പോഷകമൂല്യമുള്ള ഭക്ഷണം നൽകുന്നത്. ഉത്തരഖണ്ഡിലെ ഗഢ്‌വാൾമേഖലയിലും ബംഗാളിലും ഒഡീഷയിലും (ഒഡീഷ നാരിസമാജ്) എല്ലാം ആയിരക്കണക്കിന് സ്ത്രീകളാണ് കൃഷിയിലും ഭക്ഷണത്തിലും പരിസ്ഥിതി സംരക്ഷണത്തിലും തങ്ങളുടെ കഴിവുകൾ തെളിയിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഈ അടുത്തകാലത്തായി കുടുംബശ്രീകളും മറ്റുപല സ്ത്രീകൂട്ടായ്മകളും ഈവഴിക്ക് നീങ്ങുന്നു എന്നത് ഏറെ പ്രതീക്ഷ നൽകുന്ന കാര്യമാണ്.

മണ്ണിനേയും പ്രകൃതിയേയും വിത്തിനേയും എല്ലാം അടുത്തറിയാൻ, അവയെ മനസ്സിലാക്കി അവയോട് പ്രതികരിക്കാൻ, അവയെ സമ്പുഷ്ടമാക്കാൻ നൈസർഗികമായ കഴിവ് സ്ത്രീകൾക്കുണ്ട്. ആ കഴിവിനെ സ്ത്രീകൾ സ്വയം തിരിച്ചറിയുകയും സമൂഹം അത് അംഗീകരിക്കുകയും ചെയ്താൽ യഥാർത്ഥത്തിലുള്ള ഒരു ഹരിതവികസനത്തിലേക്ക് നമ്മുടെ ഗ്രാമങ്ങൾക്കും നഗരങ്ങൾക്കും മാറാൻ കഴിയും. നാടുനീളെ തീയിട്ടും വെട്ടിയും ജൈവവൈവിദ്ധ്യത്തിന്റെ ശ്മശാനങ്ങൾ തീർക്കുകയും രാസവിഷങ്ങൾ ഭൂമിയിൽ കലർത്തുകയും ചെയ്യുന്ന പ്രവർത്തികളിൽ നിന്ന് പ്രകൃതിയെ സമ്പുഷ്ടമാക്കുന്ന പ്രവർത്തികളിലേക്ക് സമൂഹത്തെ കൈപിടിച്ചുയർത്താൻ സ്ത്രീകൾക്കാണ് കഴിയുക. അപ്പോൾ തൊഴിലുറപ്പുപദ്ധതി അതുദ്ദേശിച്ച ലക്ഷ്യം നേടുകയും ചെയ്യും. ●



Article in Sangaditha about womens participation in agriculutre by Usha S